മാർ ജോയി ആലപ്പാട്ട്: കർമ്മനിരതമായ വിശ്വാസവും ഭക്തിയും നിറഞ്ഞ ആത്മീയ പിതാവ്

മാർ ജേക്കബ് അങ്ങാടിയത്ത് 21 വർഷത്തെ സഫലമായ നിയോഗം

വിടവാങ്ങൽ സന്ദേശത്തിലും വിനയാന്വിതനായി പിതാവ്


# മലയാളി.com

സപ്ലിമെന്റ്

emalayalee.com




# മാർ ജേക്കബ് അങ്ങാടിയത്തിന് ആശംസ

# മാർ ജോയി ആലപ്പാട്ടിന് സ്വാഗതം

ToyotaCity

NissanCity
of Port Chester

# Are you looking for a
# PRE-OWNED OR NEW
# Toyota or Nissan







Meet Your Friend
## GENUINE THOMAS
Pre-Owned
NEW Cars Sales Manager
## 1-845-461-5832

VERY SPECIAL DEALS AVAILABLE NOW!

# വിടവാങ്ങൽ സന്ദേശത്തിലും വിനയാന്വിതനായി പിതാവ്

എപ്പിസ്കോപ്പൽ ശുശ്രൂഷയിൽ നിന്നും ഔപചാരികമായി വിരമിക്കാൻ ഒരുങ്ങുന്ന എനിക്ക് നിങ്ങളെ ഒരിക്കൽകൂടി അഭിസംബോധന ചെയ്യാനും നിങ്ങളെ എല്ലാം അഭിനന്ദിക്കാനും ദൈവത്തോടും സഭയോടും നിങ്ങൾ എല്ലാവരോടുമുള്ള കൃതജ്ഞത അറിയിക്കാനും കഴിയുന്നതിൽ സന്തോഷമുണ്ട്. നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എൻറെ രാജി സ്വീകരിക്കുകയും ചിക്കാഗോയിലെ സെൻറ് തോമസ് സീറോ മലബാർ കത്തോലിക്കാ രൂപതയിലെ രണ്ടാമത്തെ ബിഷപ്പായി മാർ ജോയി ആലപ്പാട്ടിനെ പിൻഗാമിയായി നിയമിക്കുകയും ചെയ്തു. ബിഷപ്പ് ജോയി ആലപ്പാട്ടിന്റെ സ്ഥാനാരോഹണ ശുശ്രൂഷ 2022 ഒക്ടോബർ 1 ശനിയാഴ്ച നടക്കുകയാണല്ലോ, അതേതുടർന്ന് ഞാൻ 'ബിഷപ്പ് എമിരിറ്റസ്' ആയി മാറും. നമ്മുടെ രൂപതയുടെ തലവനും പിതാവുമായി ബിഷപ്പ് ജോയി ആലപ്പാട്ടിനെ നമുക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുകയും, അദ്ദേഹത്തിന് എല്ലാ സ്നേഹവും പിന്തുണയും നൽകുകയും, അദ്ദേഹത്തിന്റെ വിജയകരമായ എപ്പിസ്കോപ്പൽ ശുശ്രൂഷക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

എന്റെ ഓർമ്മകൾ എൻറെ മനസ്സിലേക്ക് കടന്നു വരുന്നു. ഇപ്പോൾ സഭയിലെ വിശുദ്ധനായ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് 2001 മാർച്ച് 13 ന് ചിക്കാഗോയിലെ സെൻറ് തോമസ് സീറോ മലബാർ കത്തോലിക്കാ രൂപത രൂപീകരിച്ചത്. എന്നെ പ്രഥമ മെത്രാനായി നിയമിച്ചു. എനിക്ക് രണ്ടു ചുമതലകളാണ് നൽകിയിരുന്നത്. യുഎസ്എയിലെ എല്ലാ സീറോ മലബാർ ജനങ്ങളുടെയും മെത്രാനായും കാനഡയിലെ സീറോ മലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്ററായും. ഇന്ത്യക്ക് പുറത്ത് പുതുതായി രൂപീകരിച്ച ആദ്യ സീറോ മലബാർ രൂപതയുടെ ഉദ്ഘാടനവും എൻറെ മെത്രാഭിഷേക ശുശ്രൂഷയും ചിക്കാഗോയിൽ 2001 ജൂലൈ ഒന്നിനാണ് നടന്നത്. അവിസ്മരണീയമായ ആ ചടങ്ങിൽ പങ്കെടുത്ത വിശിഷ്ടാതിഥികളെ ഞാൻ നന്ദി പൂർവ്വം സ്മരിക്കുന്നു. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ കർദിനാൾ



മാർ വർക്കി വിതയത്തിൽ, ചിക്കാഗോ ആർച്ച്ബിഷപ്പ് ശ്രേഷ്ഠനായ കർദിനാൾ ഫ്രാൻസിസ് ജോർജ്ജ്, യു.എസ്എയിലെ അപ്പോസ്തോലിക നുൺഷ്യോ അഭിവന്ദ്യ ഗബ്രിയേൽ മോണ്ടാല . എല്ലാ ഒരുക്കങ്ങളും നടത്താൻ എന്നെ സഹായിക്കാൻ ഉണ്ടായിരുന്ന ചിക്കാഗോ ക്നാനായ കാത്തലിക് മിഷൻ ഡയറക്ടർ ഫാദർ ഫിലിപ്പ് തൊടുകയിലെയും ഞാൻ പ്രത്യേകം സ്മരിക്കുന്നു.

ചിക്കാഗോയിലും ഡാലസിലും രണ്ട് ഇടവകകളും അഞ്ചു സീറോ മലബാർ മിഷനുകളും 4 കനാനായ കത്തോലിക്കാ മിഷനുമായി എളിയ നിലയിലായിരുന്നു തുടക്കം. എവിടെ തുടങ്ങണം എന്നതായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഉത്കണ്ഠ. ഒരു ചെറിയ കൂരിയ രൂപീകരിച്ചു. റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ, വികാരി ജനറൽ റവ. ഫാദർ എബ്രഹാം മുത്തോലത്തു ജേക്കബ്, ക്നാനായ സമുദായത്തിൽനിന്നുള്ള വികാരി ജനറാൾ റവ. ഫാദർ ആൻറണി തുണ്ടത്തിൽ, എം.എസ്.ടി പ്രൊക്യൂറേറ്റർ ആൻഡ് കത്രീഡൽ വികാരി ഫാദർ സഖറിയാസ് തോട്ടുവേലിൽ, ബിഷപ്പിൻറെ സെക്രട്ടറിയും ചാൻസലറും. സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ ഏറെ



ബുദ്ധിമുട്ടേണ്ടി വന്നു. വിവിധ നഗരങ്ങളിൽ വല്ലപ്പോഴും സീറോ മലബാർ കുർബാന ആഘോഷിക്കുന്ന വൈദികരെ ബന്ധപ്പെടുകയും അത്തരം ചെറുസംഘങ്ങൾ സീറോ മലബാർ മിഷനുകൾ ആയി നിയോഗിക്കുകയും ചെയ്തു.

ഏറെ വൈകാതെ 2001 സെപ്റ്റംബർ മുതൽ എനിക്ക് തല കറങ്ങുകയും ഇടക്കിടെ വീഴുകയും ചെയ്യുന്ന അസുഖത്തിന് ഇരയായി. കുറച്ചു വർഷത്തേക്ക് എല്ലാത്തരം പരിശോധനകൾക്കും ചികിത്സകൾക്കും വിധേയരാകേണ്ടി വന്നു. 2006 ചിക്കാഗോയിൽ നടത്തിയ ന്യൂറോ സർജറിക്ക് ശേഷം ആണ് രോഗം നിയന്ത്രണ വിധേയമായത്. എനിക്ക് വേണ്ടി പ്രാർത്ഥിച്ച എല്ലാവരോടും ഞാൻ നന്ദി ഉള്ളവനായിരിക്കും. ഞാൻ എന്തായിരിക്കുന്നോ അത് ദൈവ കൃപയാൽ ആണ് അതിന് ദൈവത്തിന് നന്ദി. ദൈവത്തിനു സ്തുതി !

ഈ രൂപതയിൽ സേവനമനുഷ്ഠിക്കാൻ അവരുടെ വൈദികരെ അയച്ചുതന്ന കേരളത്തിലെ എല്ലാ ആർച്ച് ബിഷപ്പുമാരോടും, ബിഷപ്പുമാരോടും ഞാൻ നന്ദിയുള്ളവൻ ആയിരിക്കും. എന്നെ സഹായിക്കാൻ അവരുടെ വൈദികരെ അയച്ച എല്ലാ സന്യാസ സമൂഹങ്ങളിലും പ്രൊവിൻഷ്യാൾ സുപ്പീരിയർമാരോടും ഞാൻ വളരെയധികം കടപ്പെട്ടിരിക്കുന്നു . ചുമതലകൾ നൽകാൻ സ്കൂളുകളോ ആശുപത്രികളോ ഇല്ലാതിരുന്നതുകൊണ്ട് സിസ്റ്റർമാരെ സ്പോൺസർ ചെയ്യാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ഒടുവിൽ മൂന്നു സന്യാസ സമൂഹങ്ങളിലേക്ക് മാത്രം സിസ്റ്റർമാർക്ക് സ്പോൺസർഷിപ്പ് നൽകി.

നമ്മുടെ രൂപതയുടെ വളർച്ചക്കുള്ള എല്ലാ ബഹുമതിയും ഈ വൈദികരുടെ കഠിനാധ്വാനത്തിലും സിസ്റ്റർമാരുടെ തീഷ്ണമായ പ്രാർത്ഥനക്കും സമുദായങ്ങളിൽ നിന്നുള്ള നിർലോഭ സഹകരണത്തിനും സമർപ്പിക്കുന്നു. കൂരിയ അംഗങ്ങൾ, ഇടവകവികാരികൾ, വിവിധ മിഷനുകളുടെ ഡയറക്ടർമാർ തുടങ്ങി എല്ലാവരും പ്രത്യേക പ്രശംസയും നന്ദിയും അർഹിക്കുന്നു. ലഭ്യമായ സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട സിസ്റ്റർമാരുടെ സേവനം വളരെയധികം വിലമതിക്കപെടേണ്ടതാണ് .

സഭയെ സഹായിക്കാനുള്ള ദൈവവിളി അമേരിക്കയിലെ സീറോ മലബാർ വിശ്വാസികൾ ഔദാര്യ പൂർവ്വം സ്വീകരിച്ചു. സഭയോടുള്ള അവരുടെ തീഷ്ണത, സഭയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള അവരുടെ സന്നദ്ധത, സഭക്ക് ഉദാരമായി സംഭാവന നൽകാനുള്ള നല്ല മനസ്സ്, വിശ്വാസ രൂപീകരണ പരിപാടികളോട് സഹകരിക്കാനുള്ള അവരുടെ ത്യാഗ മനോഭാവം, നമ്മുടെ കുടുംബത്തിൽ നിന്ന് പൗരോഹിത്യവും മതപരവുമായ ദൈവവേലകൾ ചെയ്യാനുള്ള സന്നദ്ധത എന്നിവ അവർ പ്രതിബദ്ധത കാട്ടിയ ചില മേഖലകൾ മാത്രമാണ്. നമ്മുടെ രൂപതകളിലും ഡിവിഷനുകളിലും സന്നദ്ധ സേവനം നൽകുന്നതിന് ബഹുമാന്യരായ എല്ലാ വിശ്വാസികളും സദാ ഒരുക്കമായിരുന്നു അവരുടെ തളരാത്ത ഊർജ്ജസ്വലത പ്രശംസയും അംഗീകാരവും അർഹിക്കുന്നു. പ്രിയ ബഹുമാനപ്പെട്ട വൈദികർ , ബഹുമാനപ്പെട്ട സന്യാസിനികൾ പ്രിയപ്പെട്ട സഹോദരി സഹോദരന്മാർ എന്നിവരെ എൻറെ എളിയ പ്രാർത്ഥനയും ഹൃദയംഗമമായ നന്ദിയും അറിയിക്കുന്നു.ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്റെ പ്രിയപ്പെട്ട കുട്ടികളെ, യുവജനങ്ങളെ ഞാൻ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു. നിങ്ങൾ ഭാവി സഭ മാത്രമല്ല നിങ്ങളാണ് സഭ. കുട്ടികൾ ഉള്ളപ്പോൾ മാത്രമാണ് സഭ എല്ലായിടത്തും പൂർണമാകുന്നത്. മതബോധപഠനം ഉണ്ടെങ്കിലും ഇല്ലെങ്കിലും നമുക്ക് പള്ളിയിൽ പോകുന്നതിൽ ശ്രദ്ധ വെക്കാം . പന്ത്രണ്ടാം ഗ്രേഡിൽ മതബോധ പഠനം പൂർത്തിയാവുന്നതോടെ പള്ളിയിൽ പോകുന്ന ചുമതല ഒഴിവായി എന്ന് ചിന്തിക്കരുത്. രക്ഷിതാക്കളെ ദയവായി എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബാനയിൽ സംബന്ധിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. അങ്ങനെ നമ്മുടെ കോളേജ് വിദ്യാർത്ഥികളെയും യുവാക്കളെയും നമ്മുടെ പള്ളിയിൽ എത്തുന്നതിന് സഹായിക്കാം . കുട്ടികളെ നിങ്ങൾ നമ്മുടെ കുടുംബത്തിലെ പൂക്കളാണ് മനോഹര വർണങ്ങളിൽ വിരിഞ്ഞുനിൽക്കുന്ന പൂക്കൾ. നിങ്ങളുടെ അച്ചടക്കത്തിലും പ്രാർത്ഥനയിലും ജീവിതത്തിലും കർത്താവ് അഭിമാനിക്കട്ടെ.

നമ്മുടെ സംഘടനകളും അസോസിയേഷനുകളുമായ ; സീറോ– മലബാർ കത്തോലിക്ക കോൺഗ്രസ്. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി , രൂപത യൂത്ത് അപോസ്റ്റലേറ്റ് സീറോ മലബാർ യൂത്ത് മൂവ്മെൻറ് ജീസസ് യൂത്ത്, ലിറ്റിൽഫ്ലവർ മിഷൻലീഗ്, മദേഴ്സ് അസോസിയേഷൻ, ലേഡീസ് ഫോറം, പ്രോലൈഫ് മൂവ്മെൻറ്, ഫ്രീ കാനാ ട്രെയിനിങ്, നഴ്സസ് മിനിസ്ട്രി, പിതൃവേദി, സീനിയേഴ്സ് ഫോറം, ഓഫീസ് ഓഫ് വൊക്കേഷൻ ആൻഡ് ഫോർമേഷൻ , ഓഫീസ് ഓഫ് ഡി പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ആൻഡ് യൂത്ത് , ഇവയെല്ലാം പ്രത്യേക പരാമർശം അർഹിക്കുന്നു. നമ്മുടെ വികാരി ജനറൽമാരായിരുന്ന ഡോക്ടർ ജോർജ് മഠത്തിപ്പറമ്പിൽ, ഫാദർ എബ്രഹാം മുത്തോലത്ത്, ഡോ. ആന്റണി തുണ്ടത്തിൽ , ഡോക്ടർ എംഎസ്ടി ഡോ.അഗസ്റ്റിൻ പാലക്കാപറമ്പിൽ, ബിഷപ്പ് ജോയി ആലപ്പാട്ട്, ഫാ തോമസ് മുളവനാൽ, ഫാ.തോമസ് കുടകപിള്ളിൽ എന്നിവർക്കും പ്രത്യേക നന്ദിയും അഭിനന്ദനവും സമർപ്പിക്കുന്നു. കൂടാതെ രൂപത പ്രൊക്യൂറേറ്റർമാർ, രൂപത ചാൻസലർമാർ, ഡിപ്പാർട്ട്മെൻറ്കളുടെ ഡയറക്ടർമാർ, രൂപത കൺസൾട്ടേഴ്സ് ഫൊറോന വികാരികൾ, ഫിനാൻസ് കൗൺസിൽ അംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരും അംഗങ്ങളും, സ്കൂൾ പ്രിൻസിപ്പൽമാർ, കാറ്റകിറ്റ്സ് , ഇടവക കൈക്കാരന്മാർ, ഇട



വക കൗൺസിൽ അംഗങ്ങൾ safe environment coordinators , ഇടവകകളിലെയും മിഷനുകളിലെയും എല്ലാ പ്രവർത്തനങ്ങളിലും സന്നദ്ധപ്രവർത്തകർ ആയിരുന്നവർ  എല്ലായിടത്തുമുള്ള കുടുംബാംഗങ്ങൾ തുടങ്ങി എല്ലാവരോടും ഞാൻ നന്ദി ഉള്ളവനായിരിക്കും.

21 വർഷം പിന്നിട്ടു ഇപ്പോൾ നാം എവിടെ എത്തി എന്ന് അറിയുന്നത് ഉചിതമായിരിക്കും. രാജ്യത്താകമാനം ആയി 50 ഇടവകകളും 34 മിഷനുകളും നമുക്കുണ്ട്. നമ്മുടെ രൂപതയിൽ 68 വൈദികർ സേവനമനുഷ്ഠിക്കുന്നു 6 യുവ വൈദികർ ഇവിടെ അഭിഷിക്തരായി.  9500 സൺഡേ സ്കൂളുകൾ വിദ്യാർത്ഥികളും, 2480 മത ബോധന പരിശീലകരും , 85,000 വിശ്വാസികളും നമ്മുടെ രൂപതയിൽ ഉണ്ട്. നമ്മുടെ കത്തീഡ്രൽ പള്ളി, ബിഷപ് ഹൗസ്, ഓഫീസ് കെട്ടിടം, പുതുതായി പണിത അനക്സ് എന്നിവ നമ്മുടെ രൂപതയുടെ വളർച്ചയിലെ മുതൽക്കൂട്ടാണ്. രൂപതയുടെ വളർച്ചക്കായി നമ്മൾ ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു. ഒരു രൂപത കൂട്ടായ്മയായി നാം ഏറെ വളർന്നു.

ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 2001 ൽ കാനഡയിലെ സീറോ മലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്റർ ആയി എന്നെ നിയമിച്ചിരുന്നു. എന്റെ കാലത്ത് Toronto/Mississauga എന്നിവിടങ്ങളിൽ രണ്ട് ഇടവകകളും കുറച്ച് മിഷനുകളും ആരംഭിച്ചു. 2015 ഇൽ എക്സാർകേറ്റ് രൂപീകരിക്കുകയും ഫാദർ ജോസഫ് കല്ലേല് ബിഷപ്പായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു.

എക്സാർകേറ്റിലേക്കും പിന്നീട് രൂപയിലേക്കും നാമനിർദേശം ചെയ്യപ്പെട്ട സിറ്റിയുടെ പേര് Mississauga ആണ് . 2019 ൽ അത് രൂപയായി ഉയർത്തപ്പെട്ടു. ഇപ്പോൾ മാർ ജോസ് കല്ലുവേലിലിൻറെ നേതൃത്വത്തിൽ കാനഡയിലെ സീറോ മലബാർ സഭ വളർച്ച പ്രാപിക്കുകയാണ്.

യു.എസ്എയിൽ ഇപ്പോൾ Eucharistic Renewal നടക്കുന്ന സമയമാണല്ലോ വിശുദ്ധ കുർബാനയിൽ ഈശോയെ അനുഭവിച്ചു  നമുക്കും വളരാം. വിശുദ്ധ കുർബാനയും മറ്റ് ആരാധനാകർമങ്ങളുടെ ആചാരങ്ങളും ആഘോഷങ്ങളും നമ്മുടെ പ്രാഥമിക ആരാധനാഭാഗമായതിനാൽ ആരാധനാക്രമം മതബോധത്തെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കണം. വിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഇടവകകളും മിഷനുകളും രൂപീകരിക്കാനാണ് ഞാനേറെ പരിശ്രമിച്ചത്. ഇതായിരുന്നു നമ്മുടെ രൂപതയുടെ ഐക്യത്തിന്റെയും  വളർച്ചയുടെയും  അടിസ്ഥാനം. ജീവിക്കുന്നവൻ ആയ ഈശോയെ പങ്കുവെക്കുന്ന മഹത്തായ ഗ്രന്ഥമാണ് ബൈബിൾ. ഈശോ നമ്മോട് സംസാരിക്കുന്നതും  ബൈബിളിലൂടെയാണ്. വിശുദ്ധ കുർബാനയിലൂടെ  അവൻ നമ്മെ പോഷിപ്പിക്കുന്നു കൂദാശകളിലൂടെ അവർ നമ്മെ ശക്തിപ്പെടുത്തുന്നു.

യേശു നമുക്ക് തന്ന ഒരേയൊരു കല്പന ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ (യോഹ 3:34) എന്നതാണ്. ഈ സ്നേഹ മനോഭാവം നമ്മുടെ സഭയെ പടുത്തുയർത്തുകയും കുടുംബജീവിതത്തിലും  വിശ്വാസ ജീവിതത്തിലും പൗരോഹിത്യ ജീവിതത്തിലും ഫലം പുറപ്പെടുവിക്കുകയും ചെയ്യും.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പൗരസ്ത്യ തിരുസംഘത്തിൻറെ തലവനും പ്രിഫെക്ടുമായ കർദ്ദിനാൾ ലിയനാർഡോ സാന്ദ്രി , സീറോ മലബാർ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മാർ ജോർജ് കർദ്ദിനാൾ ആലഞ്ചേരി, അമേരിക്കൻ മെത്രാൻസംഘം, മാർ ജോയി ആലപ്പാട്ട്, സഹായമെത്രാൻ എന്നിവരോട് എല്ലാം ഞാൻ പ്രത്യേകം നന്ദി പറയുന്നു.

നിങ്ങൾ എല്ലാവർക്കും അറിയാവുന്നതു പോലെ 2022 ഒക്ടോബർ 1 ന് ജോയി ആലപ്പാട്ട് നമ്മുടെ രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി സ്ഥാനമേൽക്കുകയാണ്. എല്ലാ അർത്ഥത്തിലും നമുക്ക് അദ്ദേഹത്തെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യാം. അദ്ദേഹം നമ്മുടെ രൂപതയുടെ പിതാവും തലവനും ആകുന്നതോടെ നമുക്ക് അദ്ദേഹത്തെ നമ്മുടെ എല്ലാ ആരാധനാക്രമങ്ങളിലും  വിശുദ്ധകുർബാന, യാമപ്രാർത്ഥനകൾ എന്നിവയിലും ഓർത്ത് പ്രാർത്ഥിക്കാം. ഞാൻ ബിഷപ്പ് എമിരറ്റ്സ് ആകുന്നതോടെ ദിവസവുമുള്ള നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും ഓർക്കണമെ.

രൂപതാ ശുശ്രൂഷയിൽ  നിന്നും ഞാൻ വിരമിക്കുകയാണല്ലോ ആരെങ്കിലുമായോ  എന്തെങ്കിലും തരത്തിലുള്ള ബന്ധത്തിലോ ഇടപെടലുകളിലോ  അനിഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ദയവായി ക്ഷമിക്കുകയും  പ്രാർത്ഥനയിൽ എന്നെ ഓർക്കുകയും ചെയ്യുക. എൻറെ പ്രാർത്ഥനയിൽ നിങ്ങളെല്ലാവരും എന്നുമുണ്ടാകും.

പ്രിയമുള്ളവരെ ഒരിക്കൽ കൂടി നന്ദിയും പ്രാർത്ഥനാശംസകളും നിങ്ങൾക്കെല്ലാവർക്കും ഞാൻ സ്നേഹപൂർവ്വം നേരുന്നു. പരിശുദ്ധ അമ്മയുടെയും വിശുദ്ധ ഔസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും  സീറോ മലബാർ സഭയിലെ സകലവിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും  പ്രത്യേക മധ്യസ്ഥത  നമ്മോടൊപ്പം എന്നും ഉണ്ടായിരിക്കട്ടെ.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറെ കൃപയും പിതാവായ ദൈവത്തിൻറെ സ്നേഹവും പരിശുദ്ധാത്മാവിന്റെ  സാമീപ്യവും  എല്ലാം എല്ലാവരോടും കൂടെ എന്നും ഉണ്ടായിരിക്കട്ടെ. ആമേൻ

*സ്നേഹപൂർവ്വം,*

**മാർ ജേക്കബ് അങ്ങാടിയത്ത്**

**ബിഷപ്പ്**



# നിങ്ങൾക്ക് ഹോം ലോൺ അല്ലെങ്കിൽ ഇൻവെസ്റ്റ്മെന്റ് ലോൺ

## ആവശ്യമെങ്കിൽ ബന്ധപ്പെടുക



loanDepot

#1 Retail Lender in Volume | Per Scotsman Guide

**Dhan Thomas**

**NMLS# 1987022**

**Loan Consultant**

**(267) 475-3410**

Dhanmt@gmail.com
dhanthomas@loandepot.com
https://www.loanDepot.com/dhanthomas

Scan QR Code



# മാർ ജോയി ആലപ്പാട്ട്

## കർമ്മനിരതമായ വിശ്വാസവും ഭക്തിയും നിറഞ്ഞ ആത്മീയ പിതാവ്

രണ്ടു ബിഷപ്പുമാരും ഒട്ടേറെ വൈദീകരും, കന്യാസ്ത്രീകളും ആലപ്പാട്ട് കുടുംബത്തിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ഈ കുടുംബ പശ്ചാത്തലം തന്നെ ആയിരിക്കാം ചിക്കാഗോ രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി ഒക്ടോബർ ഒന്നിന് സ്ഥാനാരോഹണം ചെയ്യുന്ന മാർ ജോയി ആലപ്പാട്ട് പിതാവിനെ ദൈവവിളി തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചത്. തൃശൂർ കാട്ടൂരിലെ മൂലകുടുംബത്തിൽ നിന്ന് പറപ്പൂക്കര വന്ന് മുൻഗാമികൾ താമസമാക്കിയതാണ്. പള്ളിയോട് അടുത്തായിരുന്നു വീട്. അതിനാൽ പള്ളിയുമായി കൂടുതൽ ബന്ധപ്പെട്ട് ചെറുപ്പത്തിൽ പ്രവർത്തിക്കാനായി. എന്തുകൊണ്ടാണ് വൈദീകനായത് എന്ന് കൃത്യമായി പറയാൻ ഒരു കാര്യമില്ല. ഇവയെല്ലാം സ്വാധീനിച്ചു, ദൈവം അതിനു വഴിയൊരുക്കി.

ചിക്കാഗോ രൂപതയുടെ സഹായ മെത്രാനായി എട്ടു വര്ഷം പ്രവർത്തിച്ചുവെങ്കിലും ബൻസെന്ന എന്ന രൂപതയുടെ ബിഷപ്പായയാണ് മാർപാപ്പ നിയമിച്ചത്. ടൂണീഷ്യയിൽ പണ്ടെങ്ങോ ഉണ്ടായിരുന്ന രൂപതയാണത്. ഇപ്പോഴില്ല. ഈ രൂപതയുടെ പേരിൽ മുമ്പ് ബിഷപ്പുമാർ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ വേറെ ആരുമില്ല.

തന്റെ പേരുകാരനായ വിശുദ്ധ ജോൺ നെപ്പോമുസിൻ ചെക്ക് റിപ്പബ്ലിക്കിലെ വൈദീകനായിരുന്നു. കുമ്പസാര രഹസ്യത്തിന്റെ പേരിൽ അദ്ദേഹം രക്സാക്ഷിത്വം വഹിക്കുകയായിരുന്നു. കേരളത്തിൽ ചരുക്കം പള്ളികൾ മാത്രമാണ് അദ്ദേഹത്തിന്റെ നാമധേയത്തിലുള്ളത്.

കേരളത്തിൽ മതഭിന്നതകളില്ലാത്ത നല്ല കാലത്താണ് അദ്ദേഹം അമേരിക്കയിലെത്തുന്നത്. ജാതിമത ചിന്തകളൊന്നും അക്കാലത്ത് ഉണ്ടായിരുന്നില്ല. തൃശൂർ പൂരം കാണാൻ പോയത് എല്ലാവരും







പങ്കെടുക്കുന്ന ആഘോഷമെന്ന നിലയിലാണ്.ക്രൈസ്തവർ നടത്തുന്ന വിദ്യാലയങ്ങളിലും ആശുപത്രികളിലുമൊക്കേ മറ്റു മതസ്ഥരാണ് കൂടുതൽ വരുന്നത്. അവിടെയൊന്നും ഭിന്നതയ്ക്ക് പ്രസക്തിയില്ല.

സഭകൾ തമ്മിൽ കൂടുതൽ യോജിച്ച് മുന്നോട്ടു പോകണമെന്നതിൽ അദ്ദേഹത്തിന് സംശയമൊന്നുമില്ല. ചിക്കാഗോയിൽ എക്യൂമെനിക്കൽ കൗൺസിൽ പ്രസിഡന്റായി. ന്യൂജെഴ്സിയിലായിരുന്നപ്പോഴും എക്യുമെനിക്കൽ കൗൺസിൽ പ്രസിഡന്റായിരുന്നു.

സഭാ വിശ്വാസികളുടേയും പൊതു സമൂഹത്തിന്റേയും സമഗ്ര വളർച്ചയ്ക്കായി മുന്നിട്ടിറങ്ങി പ്രവർത്തിക്കുന്നവരാകണം ബിഷപ്പുമാർ എന്ന് മാർ ജോയി ആലപ്പാട്ട് ഉറച്ചു വിശ്വസിക്കുന്നു. അങ്ങനെ മുന്നിട്ടിറങ്ങുമ്പോൾ എതിർപ്പുകളും പ്രതിബന്ധങ്ങളും ഉണ്ടാകാം. സഭാ മക്കളെ വിമർശിച്ച് പുറംതള്ളാതെ ആരെയും മാറ്റിനിർത്താതെ എല്ലാവരേയും ഒരുമിച്ച് നിർത്തി ഒറ്റക്കെട്ടായി അത്മായ സമൂഹത്തെ മുന്നോട്ടു നയിക്കേണ്ട വലിയ ഉത്തരവാദിത്വം തന്റെ അജപാലനത്തിന്റെ ഒരു കാതലായ ഭാഗമെന്നു മനസിലാക്കുന്ന സർവ്വഗ്രാഹിയാണ് മാർ ജോയി ആലപ്പാട്ട്. സഹവർത്തിത്വത്തിന്റെ മനോഭാവം വളർത്തണം. ഒരു മേൽപ്പട്ടക്കാരനെന്ന നിലയിൽ എത്തിപ്പെടാവുന്നിടത്തെല്ലാം എത്തുകയും, ചെയ്യാവുന്ന ശുശ്രൂഷകളെല്ലാം ചെയ്യുക എന്നതിലാണ് താൻ ഊന്നൽ കൊടുക്കുന്നത്.

പിന്നിട്ട വഴിത്താരകളെപ്പറ്റിയും ചിക്കാഗോ രൂപതയുടെ ഭാവി പ്രതീക്ഷകളെപ്പറ്റിയും വ്യക്തിപരമായ നിലപാടുകളെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ

**ചോദ്യം:** ബിഷപ്പ് സ്ഥാനാരോഹണം വൈകിപ്പോയോ?

കോവിഡ് പശ്ചാത്തലത്തിൽ കുറച്ചു വൈകി.

**ചോദ്യം:** പിതാവ് തന്നെയാണ് ബിഷപ്പാകുക എന്നതിൽ സന്ദേഹം ഒന്നും ഉണ്ടായിരുന്നില്ലേ?

സ്വാഭാവികമായിട്ടും അങ്ങനെയാണ് പ്രതീക്ഷിക്കുക. മറിച്ചും വന്നിട്ടുള്ള സന്ദർഭങ്ങൾ ഒക്കെ ഉണ്ടായിട്ടുണ്ട്. സിനഡ് ആണ് ഇതെല്ലാം തീരുമാനിക്കുന്നത്. സിനഡ് തീരുമാനിച്ചു റോമിലേക്ക് അറിയിക്കണം.

അവസാന തീരുമാനം റോമിൽ നിന്ന് എടുക്കുന്നു. റോമാണ് നിയമിക്കുക

**ചോദ്യം:** പിതാവ് അമേരിക്കയിൽ വന്നിട്ട് എത്ര വർഷം ആയി ?

ഞാൻ 28 വർഷമായി വന്നിട്ട് . 1994-ൽ ആണ് വന്നത്

**ചോദ്യം:** വരാനുണ്ടായ കാരണമെന്തായിരുന്നു ?

ന്യൂയോർക്ക് ആർച്ച് ഡയോസിസ് ആവശ്യപ്പെട്ടു. ന്യൂയോർക്ക് സിറ്റിയിൽ ഞാൻ വരാൻ ഇടയായത് ഒരു പ്രത്യേക സാഹചര്യത്തിൽ. ഒരാൾ വിസ എടുത്തു തന്നു . ആ വിസയിൽ ഞാൻ ഇവിടെ വന്നപ്പോൾ പള്ളിയിൽ ഒരച്ചന്റെ ആവശ്യകത ഉണ്ടായിരുന്നു. റോക്ക് ലാൻഡിലെ ഗാർനർവില്ലിലെ പള്ളിയിൽ പ്രവർത്തിച്ചു. പിന്നെ വിസ കഴിഞ്ഞു മടങ്ങുമ്പോൾ അവർ എന്നോട് തിരിച്ചു വരണം എന്നാവശ്യപ്പെട്ടു. അതിൻറെ അടിസ്ഥാനത്തിൽ നാട്ടിൽ പോയി ബിഷപ്പിനോട് ആലോചിച്ചു തിരിച്ചുവന്നു. അപ്പോൾ അവരെന്നെ സ്റ്റാറ്റൻ ഐലൻഡിലെ പള്ളിയിൽ നിയമിച്ചു

**ചോദ്യം:** പിതാവ് ഇരിങ്ങാലക്കുട രൂപതാംഗമാണോ തൃശൂർ രൂപതാംഗമാണോ?

സെമിനാരിയിൽ ചേരുമ്പോൾ തൃശൂർ രൂപയായിരുന്നു. അഭിഭക്ത തൃശ്ശൂർ രൂപത. 72 ലായിരുന്നു അത്

78 ലാണ് ഇരിങ്ങാലക്കുട രൂപത രൂപം കൊള്ളുന്നത്. അപ്പോൾ സെമിനാരിയിൽ പഠിക്കുകയായിരുന്നു.

പുതുതായി ഉണ്ടായ രൂപത എന്റെ ഇടവകയുടെ അതിർത്തിയാണ്. അപ്പോൾ ഇരിങ്ങാലക്കുട രൂപതയിൽ ആയി.

**ചോദ്യം:** അമേരിക്കയിൽ വരുമ്പോഴുള്ള പ്രതീക്ഷകൾ എന്തൊക്കെ ആയിരുന്നു?

ഇവിടെ വന്നപ്പോൾ ഇവിടുത്തെ മലയാളികളുടെ , പ്രത്യേകിച്ച് സീറോ മലബാർ കമ്മ്യൂണിറ്റിയുടെ അവസ്ഥ മനസ്സിലായി. അവരെ ഒരു സഭാ സംവിധാനത്തിലേക്ക് കൊണ്ടുവരാൻ കഴിയണമെന്നു തോന്നി.

അന്നിവിടെ നമുക്കു സംവിധാനങ്ങൾ ഒന്നുമില്ല .ആ കാലത്തും ഞാൻ അവരുടെ ഇടയിൽ പ്രവർ





ത്തിച്ചു. ക്രമേണ ന്യൂജേഴ്സിയിലെ ന്യൂ മിൽഫോർഡ് പള്ളിയിൽ ഞാൻ മലയാളം കുർബാന ചൊല്ലാൻ തുടങ്ങി. അവിടെയുള്ള മലയാളികൾ അവിടുത്തെ ബിഷപ്പിനോട് പറഞ്ഞ് എന്നെ ആ പള്ളിയിൽ തന്നെ നിയമിച്ചു. അങ്ങനെ ന്യൂയോർക്കിൽനിന്ന് ന്യൂ ജേഴ്സിയിലേക്ക് മാറി. അവിടെ പള്ളിയിൽ അസോസിയേറ്റ് ആയി. നമ്മുടെ ആൾക്കാർക്ക് വേണ്ടിയും സേവനം ചെയ്തു കൊണ്ട് മുന്നോട്ടു പോയി.

പിന്നെ ക്ലിനിക്കൽ പാസ്റ്റർ എഡ്യുക്കേഷൻ സർട്ടിഫിക്കറ്റ് പാസായപ്പോൾ വാഷിംഗ്ടണിലെ ജോർജ്ജ് ടൗൺ യൂണിവേഴ്സിറ്റി എന്നെ ക്ഷണിച്ചു . അങ്ങനെ അവിടെപോയി വാഷിംഗ്ടൺ ഡിസിയിൽ മൂന്നുകൊല്ലം പ്രവർത്തിച്ചു

**ചോദ്യം:** ചുരുക്കത്തിൽ പിതാവിന് അമേരിക്കയിൽ നോർത്തീസ്റ്റ് ചിരപരിചിതം ആയിരിക്കും അല്ലേ ?

തീർച്ചയായും. നോർത്ത്ഈസ്റ് എപ്പോഴും എൻറെ ഹോം ടൗൺ പോലെയാണ്. ഏറ്റവും അധികം ഞാൻ പ്രവർത്തിച്ചിട്ടുള്ളതും എൻറെ വണ്ടിയുടെ ചക്രം ഏറ്റവും അധികം ഉരുണ്ടിട്ടുള്ളതും നോർത്തീസ്റ്റ് ഭാഗങ്ങളിലാണ്

**ചോദ്യം:** നമ്മുടെ കമ്മ്യൂണിറ്റി ഏറ്റവും കൂടുതൽ ഉള്ളത് ഏത് ഭാഗത്താണ് ?

നോർത്ത് ഈസ്റ് ഏരിയയിലാണ് ഏറ്റവും കൂടുതൽ .ന്യുയോർക്ക് ട്രൈസ്റ്റേറ്റ് മേഖലയിൽ എന്ന് പറയാം. പല പള്ളികൾ ആയി ഭാഗിക്കപ്പെട്ട് കിടക്കുകയാണ്. ബ്രോങ്ക്സിൽ ഉണ്ട്, റോക്ക് ലാൻഡിൽ ഉണ്ട് പാറ്റെൺസണിൽ ഉണ്ട്, സോമർസെറ്റിൽ ഉണ്ട്. ലോംഗ് ഐലൻഡിൽ ഉണ്ട്, സ്റ്റാറ്റൻ ഐലൻഡിൽ ഉണ്ട് -ഇങ്ങനെ എല്ലാ ഭാഗത്തും. എട്ടൊമ്പത് പള്ളികൾ എങ്കിലും നമുക്ക് അവിടെയുണ്ട് . ഓരോ പള്ളികൾ നോക്കുകയാണെങ്കിൽ അത്ര അധികം ഇല്ലെങ്കിലും മൊത്തം നോക്കുമ്പോൾ ട്രൈസ്റ്റേറ്റ് ഏരിയയിൽ ആണ് ഏറ്റവും കൂടുതൽ വിശ്വാസികൾ ഉള്ളത്

**ചോദ്യം:** രൂപതയോട് ഇപ്പൊൾ കാര്യമായി എതിർപ്പ് ഏതെങ്കിലും ഭാഗത്തു നിന്ന് ഉണ്ടോ ?

ആരും തന്നെ എതിർക്കുന്നില്ല. എതിർക്കേണ്ട ആവശ്യമില്ല. കാരണം അവർക്കും സഭാ സംവിധാനത്തിന്റെ ഗുണങ്ങൾ മനസ്സിലായി തുടങ്ങി. നമുക്ക് അൻപതിലധികം പള്ളികൾ ഉണ്ട്. പതിനായിരത്തിലധികം കുട്ടികൾ വേദപാഠം പഠിക്കുന്നു. പല സംഘടനകളുണ്ട്, പലതരം ശുശ്രൂഷകൾ ഉണ്ട് അതുമായി ബന്ധപ്പെട്ട ഒത്തിരി പ്രവർത്തനം പള്ളി കേന്ദ്രീകൃതമായി നടക്കുന്നു. ആരും എതിർക്കുന്നില്ലെങ്കിലും സഹകരണം കുറേക്കൂടി ആകാം എന്നൊരു തോന്നലുണ്ട്.

**ചോദ്യം:** സഹകരിക്കാത്തത് ഒന്നാം തലമുറ ആണോ അതോ പുതിയ തലമുറയാണോ?



ഇവിടെ പുതിയ തലമുറക്കുള്ള ഓറിയന്റേഷനിൽ ചില മാറ്റങ്ങൾ ആവശ്യമുണ്ട്. കമ്മ്യൂണിറ്റികൾ നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞു. നാഷണൽ നെറ്റ്‌വർക്ക് നമുക്ക് വന്നിട്ടുണ്ട്. അതിന്റെ ബെനിഫിറ്റ് എടുക്കാൻ അറിയുന്നവരും അറിയാത്തവരും ഉണ്ട്. അതിന് പല കാരണങ്ങളുണ്ട്. ചിലർക്ക് ഈഗോ പ്രശ്നങ്ങൾ ഉണ്ട്. വേറെ ചിലർ പള്ളിയിൽ നിന്ന് വളരെ ദൂരെ താമസിക്കുന്നവരാണ്. ചിലരാണെൽ ഇംഗ്ലീഷ് പള്ളികളിൽ വളരെ അറ്റാച്ച്ഡ് ആയി പോയിട്ടുണ്ടാവും

പിന്നെ ചരുക്കം ചിലർക്ക് മലയാളിയെ കണ്ടു കൂടാത്ത സ്ഥിതിയുണ്ട്. അങ്ങനെ ചിലർ മാറിനിൽക്കുന്നു. എങ്കിലും മൊത്തത്തിൽ നമ്മൾ ഒരു സ്ട്രോങ്ങ് കമ്മ്യൂണിറ്റി ആണ്. രൂപത വന്നശേഷം വിശ്വാസത്തിലും കുടുംബ ബന്ധത്തിലും കുട്ടികളുടെ വളർച്ചയിലും ക്വാളിറ്റി കൊണ്ടുവരാൻ പറ്റിയിട്ടുണ്ട്.

**ചോദ്യം:** ആത്മീയതയുടെ കാര്യത്തിൽ നാടുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടുത്തെ സ്ഥിതി എന്താണ്?

സത്യം പറഞ്ഞാൽ നാട്ടിലേക്കാൾ കൺസർവേറ്റീവ് ആണ് ഇവിടത്തെ വിശ്വാസികൾ. നാട്ടിൽ അവർ കണ്ടു വന്നിട്ടുള്ളത് അതേപടി നിലനിർത്തണമെന്നു ആഗ്രഹിക്കുന്നവരാണ്. നാട്ടിൽ ഇല്ലാത്ത പല ആചാരങ്ങളും അമേരിക്കയിൽ ഇപ്പോഴും അവർ തുടരുന്നുണ്ട്. എനിക്ക് തോന്നുന്നത് ഭാവിയിൽ ഏറെ വളരാൻ പോകുന്ന സഭ ഇന്ത്യക്ക് പുറത്തായിരിക്കും

**ചോദ്യം:** വ്യക്തി ജീവിതത്തിലും ഈ ആത്മീയത വിശ്വാസികൾ പാലിക്കുന്നുണ്ടോ? സത്യസന്ധത, വിശ്വാസം ഒക്കെ ചേർന്ന ക്രൈസ്തവ മൂല്യങ്ങൾ അടിസ്ഥാനമാക്കി തന്നെയാണോ ആളുകളുടെ പെരുമാറ്റവും ജീവിതവും?

അമേരിക്കയിൽ നമ്മൾ കൊണ്ടുവന്ന സംസ്കാരം അല്ലാതെ തന്നെ ഇവിടുത്തെ രീതിയിൽ തന്നെ നല്ല മൂല്യങ്ങളുണ്ട് .നമ്മളെക്കാൾ കൂടുതൽ അവ ഇവിടെ പാലിക്കുന്നുണ്ട്. ഉദാഹരണത്തിന് ഇവിടെ ആരും ടാക്സ് കൊടുക്കാതിരിക്കുന്നില്ല. നാട്ടിൽ ടാക്സ് കൊടുക്കുന്നത് ഒഴിവാക്കാനാണ് നോക്കുക. അത് പോലെ പള്ളിക്ക് പൈസ കൊടുക്കൽ ഒക്കെ നാട്ടിൽ വളരെ കുറവാണ്. ഇവിടെ പള്ളിക്ക് പൈസ കൊടുത്താൽ മാത്രമേ മുന്നോട്ടു പോകു.

ഇവിടുത്തെ നിയമം മൂല്യവത്തായി ജീവിക്കാൻ പ്രേരിപ്പിക്കുന്നുണ്ട് .നാട്ടിലെ കുറെ സ്വഭാവങ്ങൾ ഒക്കെ നമ്മളിൽ ഉണ്ടെങ്കിലും അമേരിക്കൻ സിസ്റ്റത്തോട് ചേർന്നു കൊണ്ടാണ് നമ്മൾ പോകുന്നത്. എങ്കിലും സ്പിരിചൽ അടിത്തറ കുറെകൂടി ശരിയാകാൻ ഉണ്ട്

**ചോദ്യം:** പുതിയ തലമുറയെ പറ്റി പിതാവിൻറെ കാഴ്ചപ്പാട് എന്താണ് ?

പുതിയ തലമുറയിൽ രണ്ടു വിഭാഗം ഉണ്ട്. ഒന്ന്, ഇവിടത്തെ സംസ്കാരവുമായി ഇണങ്ങിച്ചേർന്നവർ. സെക്കുലർ സംസ്കാരത്തിലേക്ക് പോയവർ. അതേസമയം വേറൊരു കൂട്ടർ നമ്മുടെ പാരമ്പര്യവും നമ്മുടെ മാമൂലുകളും നിലനിർത്തണമെന്നും സംരക്ഷിക്കപ്പെടണമെന്നും ആഗ്രഹിച്ചു സഭാ സംവിധാനങ്ങളെ അനുസരിച്ച് വിശ്വാസത്തെ മുറുകെ പിടിക്കുകയും ചെയ്യുന്നു .

അതിന്റെ ഫലമെന്നോണം ഇപ്പോൾ നമ്മുടെ വിവാഹങ്ങളുടെ എണ്ണം കൂടി. പണ്ട് ഇത്രയധികം കല്യാണങ്ങൾ ഒന്നുമുണ്ടായിരുന്നില്ല . ഒന്നാമത്തെ കാരണം അവർക്ക് അതിനുള്ള പാർട്ണറെ കിട്ടുന്നുണ്ടായിരുന്നില്ല. ഇപ്പോൾ അതിനുള്ള സൗകര്യങ്ങൾ കൂടുതൽ വന്നതുകൊണ്ട് കല്യാണങ്ങൾ ഒക്കെ കൂടുതൽ നടക്കുന്നു

**ചോദ്യം:** നമ്മുടെ ആളുകൾ നമ്മുടെ ആളുകളെ തന്നെയാണോ വിവാഹം കഴിക്കുന്നത്? അതോ പുറത്തുനിന്നാണോ ?

ഒരു 95 ശതമാനത്തോളം സ്വന്തം ആളുകളിൽനിന്ന് തന്നെയാണ് കല്യാണം നടക്കുന്നത്. നമ്മുടെ രൂപത എന്തിനുവേണ്ടി സ്ഥാപിതമായോ ആ ലക്ഷ്യങ്ങളിലേക്ക് നമ്മൾ അടുത്തു കഴിഞ്ഞിട്ടുണ്ട്

**ചോദ്യം:** സഹായമെത്രാൻ എന്ന നിലയ്ക്ക് പിതാവിൻറെ പ്രവർത്തനങ്ങൾ ?

ഞാൻ അങ്ങാടിയത്ത് പിതാവിനെ സഹായിക്കുകയായിരുന്നു അഡ്മിനിസ്ട്രേഷനിലും പാസ്റ്ററൽ കാര്യങ്ങളിലും മറ്റും. അതിനായി എൻറെ എനർജിയും എൻറെ കഴിവും ഞാൻ ഉപയോഗിച്ചു. ഇവിടുത്തെ പ്രത്യേകത എത്ര മാത്രം നമ്മൾ ആളുകളുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നുവോ അത്രയെ സഭ വളരുകയുള്ളൂ. ബന്ധങ്ങൾ സൂക്ഷിക്കുക എന്നതായിരുന്നു എൻറെ ലക്ഷ്യം. അകലങ്ങളിൽ കിടക്കുന്ന ഇടവകകളും ജനങ്ങളും ആയും അകലം കുറയ്ക്കുക. അവിടങ്ങളിൽ ചെന്ന് അവരെയൊക്കെ കാണുക. അങ്ങനെ ബന്ധം നിലനിർത്താൻ ഞാൻ ശ്രമിച്ചിച്ചിട്ടുണ്ട്

**ചോദ്യം:** രൂപത രണ്ട് ആക്കുന്നതിനുള്ള സാധ്യതയുണ്ടോ ?

സാധ്യത തള്ളിക്കളയാൻ പറ്റില്ല. അതിനുള്ള പക്വത വന്നോ എന്നാണ് നമ്മൾ ചിന്തിക്കേണ്ടത്. അനുകൂല സാഹചര്യങ്ങൾ ഒക്കെ ഉണ്ട്. നമ്മെ പോലെ ഉള്ള സഭകൾക്ക് ഒന്നോ രണ്ടോ രൂപത ഒക്കെ ആയിട്ടുണ്ട്.

ആവാതിരിക്കാന് കാര്യം ഒന്നുമില്ല. പക്ഷേ അതിനു അതിൻറെതായ സമയമുണ്ട്.

**ചോദ്യം:** പിതാവ് മെത്രാൻ ആകുമ്പോൾ നമുക്ക് ഒരു സഹായമെത്രാനെ പ്രതീക്ഷിക്കാമല്ലോ. അത് ക്നാനായ കമ്യൂണിറ്റിയിൽ നിന്ന് ആയിരിക്കാൻ സാധ്യതയുണ്ടോ?

ഞാൻ ഇപ്പോൾ അതിനെപ്പറ്റി പറഞ്ഞാൽ അങ്ങനെ സംഭവിക്കാതെ പോയാൽ അത് എൻ



റെ മേലുള്ള ഒരപരാധമാകും. അതിനാൽ അങ്ങനെ ഞാൻ പറയുന്നില്ല. സഹായമെത്രാനെ ആവശ്യമുണ്ട്. അത് ക്നാനായ കമ്മ്യൂണിറ്റിയിൽ നിന്നാണ് വരുന്നത് എങ്കിൽ നല്ലത് . സിനഡും റോമും ആണ് തീരുമാനിക്കുന്നത്.

**ചോദ്യം:** സഹായമെത്രാൻ വരുന്നതിനു ഒരുപാട് കാലം എടുക്കുമോ?

ഒരുപാട് നീണ്ടു പോകേണ്ട കാര്യമില്ല. സിനഡ് നിർദ്ദേശിക്കണം

**ചോദ്യം:** രൂപതാധ്യക്ഷൻ ഒക്കെ ആകുമ്പോൾ ജോലി ഭാരം വളരെ കൂടുതലാണോ?

സഭയിൽ കുറെ കാര്യങ്ങൾ പ്രധാനമായിട്ടും കൂട്ടുത്തരവാദിത്വം ആണല്ലോ. ബിഷപ്പിന്റെ ഉത്തരവാദിത്വം എന്നുപറഞ്ഞാൽ ഡിസിഷൻ മേക്കിങ് ആണ്. മിനിസ്ട്രികളിൽ പലതും ചെയ്യുന്നത് ഓരോ അച്ചന്മാരും ഓരോ വിഭാഗങ്ങളിൽ പെട്ടവരും ആണല്ലോ.

നല്ല നിലയിൽ യുവജന പ്രവർത്തനം നടക്കുന്നു. ഡി.വൈ.എ പല സോണുകളായി തിരിച്ച് ഓരോ കാര്യങ്ങളിലും ഫോക്കസ് ചെയ്യുന്നു.

ഈയിടെ ആറു സോണുകകളിൽ അവരുടെ കൂട്ടായ്മ നടന്നു. 200 – 250 ഓളം പേർ വീതം ഓരോ സോണിലും പങ്കെടുത്തിട്ടുണ്ട്. അത്രയും പേർ പങ്കെടുക്കുമ്പോൾ അതൊരു നല്ല ചലനം ഉണ്ടാക്കുമല്ലോ. ഏറ്റവും ആവശ്യമായിട്ടുള്ളത് പുതുതലമുറ തമ്മിലുള്ള ബന്ധങ്ങളാണ്. അവർ തമ്മിലുള്ള അടുപ്പം വരിക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരുപാട് സ്ഥലങ്ങളിൽ ഉള്ളവർ തമ്മിൽ അടുപ്പം വരുമ്പോൾ അതൊരു സീരിയസ് റിലേഷൻ ആയി മാറും. അത് പിന്നീട് ഫാമിലി അല്ലെങ്കിൽ മാരേജ് റിലേഷൻഷിപ്പ് ലേക്ക് എത്താൻ സാധ്യതയുണ്ട്.

**ചോദ്യം:** ഇവിടെ യുവതലമുറയിൽ ഒത്തിരിപ്പേർ വിവാഹം കഴിക്കാതെ നിൽക്കുന്നു എന്നത് പിതാവ് ശ്രദ്ധിച്ചിട്ടുണ്ടോ?

അത് നമുക്ക് എപ്പോഴും വലിയ ചലഞ്ച് ആണ്. അതിനു പല കാരണങ്ങൾ ഉണ്ട്. ചിലർ പറയുന്നത് ഇഷ്ടപ്പെട്ട ഒരു പാർട്ണറേ കണ്ടു കിട്ടുന്നില്ല. ചിലർക്ക് ഒരു ഭയമുണ്ട്. വിവാഹ ജീവിതം വളരെ റിസ്കാണ് എന്നവർ കരുതുന്നു. വിവാഹജീവിതത്തിനു കമ്മിറ്റ്മെൻറ് വേണം. അതിനായുള്ള മടി പലർക്കുമുണ്ട്. മാതാപിതാക്കളുടെ വിവാഹ പരാജയങ്ങൾ കണ്ടിട്ട് പേടിച്ചു നിൽക്കുന്നു ചിലർ. ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാൽ അറയ്ക്കും എന്നു പറഞ്ഞപോലെ. പല വിവാഹബന്ധങ്ങൾ ശിഥിലമായത് കണ്ടിട്ട് അവർ ആ ട്രോമയിൽ വിവാഹം വേണ്ടെന്നു വെക്കുന്നവരുണ്ട്. ചിലർ ജോലിയോടുള്ള സ്നേഹംകൊണ്ട് വിവാഹം ഒഴിവാക്കുന്നു. അവരുടെ പാഷൻ പലപ്പോഴും ജോലിയോ അതുപോലെ പ്രൊഫഷൻ ആയിട്ട് ബന്ധപ്പെട്ട എന്തെങ്കിലുമോ ആയിരിക്കും. മറ്റൊരു പാർട്ണറിൽ അല്ല. ചുരുക്കത്തിൽ ഈ സ്ഥിതിവിശേഷത്തിനു ഐഡിയോളജിക്കൽ ആയിട്ടും സോഷ്യോളജിക്കൽ ആയിട്ടുമുള്ള അടിസ്ഥാനമുണ്ട്.

സഭാ സംവിധാനം വന്നശേഷം ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി നന്മ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

വേദപാഠ ക്ലാസിലൂടെയും പള്ളി പ്രസംഗങ്ങളിലൂടെയും നേരിട്ടും അവരുമായി ബന്ധപ്പെടാൻ സാധിക്കുന്നുണ്ട്. ഫാമിലി വാല്യൂവിനെക്കുറിച്ച് കുറേക്കൂടി അവരോട് സംസാരിക്കാനും അറിയാനും ഒക്കെ സാധിക്കുന്നുണ്ട്. ഫാമിലി അപ്പോസ്തലേറ്റ് നല്ല ഫലം ചെയ്യുന്നു.

**ചോദ്യം:** സ്ഥാനാരോഹണ ചടങ്ങിൽ പിതാവിൻറെ വീട്ടിൽ നിന്ന് ആരെങ്കിലും വരുന്നുണ്ടോ ?

ചേട്ടനും ചേച്ചിയും എൻറെ ഒരു പെങ്ങളും വരുന്നു. പെങ്ങൾ ഇറ്റലിയിൽ കന്യാസ്ത്രീയാണ്.

**ചോദ്യം:** ഇപ്പോൾ നാട്ടിൽ ആരൊക്കെയുണ്ട് ?

അപ്പനും അമ്മയും മരിച്ചു. ഒരു ചേട്ടനും അനിയനും രണ്ടു പെങ്ങമ്മാരും ഉണ്ട്. ഒരു പെങ്ങൾ കല്യാണം കഴിഞ്ഞ്കുട്ടികൾ ഒക്കെ ആയിട്ട് കഴിയുന്നു. അനിയൻ മിലിട്ടറിയിൽ കേണൽ ആണ്. ഇപ്പോൾ മധ്യപ്രദേശിൽ. അവൻറെ ഭാര്യയും കുട്ടികളും നാട്ടിലുണ്ട്. ചേട്ടൻ നാട്ടിൽ ഉണ്ട്. ചേട്ടൻറെ മകൾ ഇവിടെ ചിക്കാഗോയിൽ ഉണ്ട്. സ്ഥാനാരോഹണ ചടങ്ങിന് വരുമ്പോൾ മകളുടെ കൂടെ രണ്ടു മൂന്ന് മാസം താമസിച്ചേ തിരിച്ചു പോവുകയുള്ളൂ .

**ചോദ്യം:** നാടും ആയി പിതാവിൻറെ ബന്ധമെന്താണ്?

നാടുമായി വളരെ നല്ല ബന്ധത്തിലാണ്. ഏതാനും ആഴ്ച മുൻപ് നാട്ടിലായിരുന്നു. അവിടെ നല്ല സ്വീകരണം ലഭിച്ചു. ആലപ്പാട്ട് ഫാമിലി ട്രസ്റ്റ് സ്വീകരണം തന്നു. ഇരിങ്ങാലക്കുട രൂപത ബിഷപ്പും സ്വീകരണം നൽകി . കല്യാണങ്ങൾക്കും വീട് വെഞ്ചിരിപ്പ്നും ഒക്കെ വിളിക്കാറുണ്ട്. ഞാൻ പോകാറുമുണ്ട്. അമേരിക്കയിലെ അനുഭവങ്ങളൊക്കെ അവരോട് പങ്കുവെക്കും

ഇടവകയിലെ പലരും അമേരിക്കയിലുണ്ട്. അവരുടെ കുടുംബങ്ങളും ആയി ഞാൻ ബന്ധപ്പെടാൻ ശ്രമിക്കാറുണ്ട്. നാട്ടിലുള്ള അവരുടെ കുടുംബത്തിൽ പോവുകയും പ്രായമായ മാതാപിതാക്കൾ ഉണ്ടെങ്കിൽ അവരെയും രോഗികളെയും ഒക്കെ സന്ദർശിക്കുകയും ചെയ്യാറുണ്ട്

**ചോദ്യം:** പിതാവിൻറെ ഇടവക ഏതാണ് ?

ഇരിങ്ങാലക്കുട രൂപതയിൽ തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമമാണ്. അവിടുത്തെ വിശുദ്ധനാണ് ജോൺ നെപ്പുമസ്യൻ . ആ വിശുദ്ധന്റെ പേരാണ് എനിക്കും കിട്ടിയിരിക്കുന്നത്. ജോൺ എന്നാണ് പേര്. പക്ഷെ ജോയി എന്നാണ് വിളിക്കുന്നത്



**ചോദ്യം:** രൂപതാധ്യക്ഷൻ ആയി വരുമ്പോൾ പേരിൽ മാറ്റം വരുമോ ?

മാമോദിസ പേരാണ് നല്ലത് എന്നൊക്കെ പറയാറുണ്ട്. എനിക്ക് ജോയ് എന്ന പേരാണ് ഇഷ്ടം. ഒരു ക്രിസ്തുശിഷ്യൻ, ഒരു സഭാ ശുശ്രൂഷകൻ, എപ്പോഴും സന്തോഷത്തിന് മാതൃകയായിരിക്കണം എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

അതുകൊണ്ടുതന്നെ ഈ പേര് ഞാൻ അഡോപ്റ്റ് ചെയ്തതാണ്. സെമിനാരിയിൽ ചേർന്നപ്പോൾ എന്നോട് പറഞ്ഞിരുന്നു ഏതെങ്കിലും പേര് ഉറപ്പിക്കണം എന്ന്. അപ്പോൾ എനിക്ക് തോന്നി ജോയ് എന്ന പേര് മതി എന്ന്. ആ പേരിനു കുറച്ചുകൂടി ഇമ്പമുണ്ട്, ഹൃദ്യമാണ്

**ചോദ്യം:** വീട്ടിലും ജോയി എന്നാണോ വിളിച്ചുകൊണ്ടിരുന്നത് ?

വീട്ടിൽ ജോയി എന്നാണ് വിളിച്ചിരുന്നത്. സ്കൂളിൽ ജോൺ. ക്രിസ്തീയ സാക്ഷ്യം എന്നുപറയുന്നത് എപ്പോഴും ഒരു സന്തോഷത്തിന്റെ സാക്ഷ്യം ആണ്. ഞാൻ വിചാരിച്ചു ദൈവം എനിക്ക് കണ്ടറിഞ്ഞു തന്ന പേരാണിത്.

**ചോദ്യം:** നാട്ടിൽ വന്നിട്ടുള്ള മാറ്റത്തെപ്പറ്റി എന്താണ് തോന്നിയിട്ടുള്ളത് ?

നാട്ടിൽ ഒരുപാട് മാറ്റങ്ങൾ വന്നു. ഞാനൊക്കെ പഠിച്ചിരുന്ന കാലത്തെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക

രീതിയല്ല ഇപ്പോൾ. എല്ലാ വിധത്തിലും വലിയ വികസനം വന്നു. സാമ്പത്തികമായി ,വിദ്യാഭ്യാസപരമായി എല്ലാം വളരെ പുരോഗമിച്ചിട്ടുണ്ട്. വികസനം എല്ലാ സ്ഥലത്തും വന്നിട്ടുണ്ട്. പക്ഷെ അതിന് ആനുപാതികമായിട്ടുള്ള സ്പിരിചൽ ഡെവലപ്മെൻറ് വന്നിട്ടില്ല. അത് ഒരു പോരായ്മ ആണ് .

മറ്റു തിന്മകളും കണ്ടമാനം വർദ്ധിച്ചിട്ടുണ്ട്. പണ്ടൊരു പ്രദേശത്തു എല്ലാവരും ഒരുമിച്ച് ആണ് ജീവിച്ചിരുന്നത്. ഇപ്പോൾ ആളുകളും കുടുംബങ്ങളും ഒറ്റപ്പെട്ടുപോയികൊണ്ടിരിക്കുന്നു . യുവതീയുവാക്കൾ നാടുവിട്ടു പുറം രാജ്യങ്ങളിലേക്ക് പോകുന്ന ട്രെൻഡ് കൂടി വരുന്നു.

ജനന നിരക്ക് കുറഞ്ഞതുകൊണ്ട് ക്രിസ്ത്യൻ സമൂഹം ജനസംഖ്യയിൽ ഇടിവ് നേരിടുന്നു. അതിനു പുറമെ വിദേശത്തേക്ക് കുടിയേറുക കൂടി ചെയ്യുന്നതോടെ കുറെ കഴിയുമ്പോൾ നാട്ടിൽ എത്ര ക്രിസ്ത്യാനി ഉണ്ടാവും എന്നത് സംശയമാണ്. അമ്പത് കൊല്ലം കഴിയുമ്പോൾ കേരളത്തേക്കാൾ ശക്തമായ ക്രിസ്തീയ സമൂഹം വിദേശത്തുണ്ടാകും എന്നാണ് എന്റെ കാഴ്ചപ്പാട്.

മുസ്ലിം ജനസംഖ്യ കൂടുന്നുണ്ട്. അവർ നേരത്തെ കണ്ടറിഞ്ഞു പ്രവർത്തിച്ചു. അത്തരമൊരു ദർശനം അവർക്കുണ്ട്. നമ്മളാവട്ടെ ചെറിയ കുടുംബം സന്തുഷ്ട കുടുംബം എന്നൊക്കെ പറഞ്ഞപ്പോൾ ആ പ്രലോഭനത്തിൽ വീണു. നമ്മളെ പറഞ്ഞു പറ്റിച്ചു എന്നും പറയാം. പിന്നീടാണ് പ്രശ്നം നമുക്ക് മനസിലാകുന്നത്. ഇപ്പോൾ നമുക്ക് കാര്യം മനസിലായി. പക്ഷെ അവർക്കൊപ്പം എത്തുക ഇനി എളുപ്പമല്ല. കേരളത്തിൽ ഒരു കാലത്ത് നമുക്ക് ആയിരുന്നു കൂടുതൽ അംഗസംഖ്യ . 24 ശതമാനം വരെ. അതിപ്പോൾ 14 ശതമാനമൊക്കെ ആയി. ഇതിനു ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നമ്മുടെ കയ്യിലിരുപ്പ് തന്നെ കാരണം.

**ചോദ്യം:** ജനാഭിമുഖ കുർബാന സംബന്ധിച്ചുള്ള തർക്കത്തെപ്പറ്റി എന്താണ് നിലപാട്?

ഇക്കാര്യത്തിൽ ഇത്രയും പിടിവാശി ഒന്നും പാടില്ല. 34 രൂപതകൾ അംഗീകരിച്ചതാണ്. സഭയോട് ചേർന്ന് നിന്നാണ് മാറ്റങ്ങൾക്കു വേണ്ടി പ്രവർത്തിക്കേണ്ടത്. സഭയുടെ അച്ചടക്കം പാലിക്കുന്നുണ്ടോ എന്നതാണ് കാര്യം.

**ചോദ്യം:** ഇവിടുത്തെ ദൈവവിളിയെ പറ്റി പിതാവിൻറെ കാഴ്ചപ്പാട് എന്താണ് ?

എട്ട് പേര് ഇപ്പോൾ സെമിനാരിയിൽ ഉണ്ട്. ആറുപേർക്ക് പട്ടം കിട്ടിയിട്ടുണ്ട്. ഇനിയും കൂടുതൽ പേര് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന് വേണ്ടി കുറെ അധികം വർക്ക് ചെയ്യേണ്ടതുണ്ട്. പിള്ളേരെ ആകർഷിക്കണം. നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ നന്നായാൽ ദൈവ വിളിയൊക്കെ ഉണ്ടാവും .

**ചോദ്യം:** ഇവിടത്തെ വൈദിക വിദ്യാർത്ഥികൾ നാട്ടിലേക്കാളും വിശ്വാസ തീക്ഷണത ഉള്ളവർ ആണോ?

ഇവിടെ സെമിനാരിയിൽ ചേരണമെന്ന ആഗ്രഹം ഉണ്ടെങ്കിൽ അവർ പൂർണമായും കമ്മിറ്റഡ് ആയിരിക്കും . വളരെ ആലോചിച്ചായിരിക്കും അവർ ആ തീരുമാനം എടുക്കുന്നത്. ഇവിടെയുള്ള ചെറുപ്പക്കാർക്ക് എന്തിനും സ്വാതന്ത്ര്യമുണ്ട്. എന്നിട്ടും സെമിനാരിയിൽ നിൽക്കുന്നുണ്ടെങ്കിൽ അവർ കമ്മിറ്റഡ് ആയിട്ടാണ്. ഒരു പരീക്ഷണാർത്ഥം അല്ല അവർ വരുന്നത്. അതുകൊണ്ടുതന്നെ ഇടയ്ക്കു വച്ചു കൊഴിഞ്ഞു പോകുന്നത് കുറവാണ് .

**ചോദ്യം:** ഇവിടെ കന്യാസ്ത്രീകൾ ഉണ്ടാവുന്നില്ലല്ലോ. അതിനുള്ള സംവിധാനം ഇല്ലേ ?

അതിനുവേണ്ടി തീവ്രമായ ചില പരിശ്രമങ്ങൾ നമ്മൾ ചെയ്യേണ്ടതായിട്ടുണ്ട്. ആ ഒരു ലക്ഷ്യത്തിനായി നമ്മൾ സീരിയസായി പ്രവർത്തിക്കേണ്ടതുണ്ട്. പക്ഷെ അവർക്ക് പ്രത്യേകിച്ച് ഒരു മിനിസ്ട്രി മേഖല കാണുന്നില്ല. നാട്ടിൽ മിഷൻ ആശുപത്രി ഒക്കെ തുടങ്ങുമ്പോൾ അവർക്ക് കുറച്ചുകൂടി സാധ്യതയുണ്ട്. ഇവിടെ പക്ഷെ അങ്ങനെ ഒരു ഇൻഫ്രാസ്ട്രക്ച്ചർന്റെ ആവശ്യം വരുന്നില്ല.

**ചോദ്യം:** പിതാവ് സ്ഥാനമേറ്റ ശേഷം ആദ്യമായി






ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്താണ് ?

പ്രത്യേകിച്ച് ഒരുപാട് കാര്യങ്ങൾ ഒന്നും പ്ലാൻ ചെയ്തിട്ടില്ല. ഇപ്പോഴത്തെ പോലെ തന്നെ മുന്നോട്ടു പോകും. പിന്നെ കാലാനുസൃതമായി മാറ്റം വരുമല്ലോ. ഏറ്റവും അത്യാവശ്യമായത് ഒരു എപ്പാർക്കിയൽ അസംബ്ലി ചേരുകയാണ്

**ചോദ്യം:** അതിൽ ആരൊക്കെ ആയിരിക്കും മെമ്പേഴ്സ് ?

അസംബ്ലി എന്നു പറയുന്നത് സഭയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഡെമോക്രാറ്റിക് സംവിധാനമാണ്.

ഒരു വലിയ പാർലമെൻറ് എന്നാണ് അതിൻറെ വിശേഷം. സിനിഡാലിറ്റി എന്നു മാർപാപ്പ പറഞ്ഞിരിക്കുന്നതും ആയി സാമ്യമുണ്ട്. സഭയുടെ കർമപദ്ധതിയിൽ പെട്ടതാണ്. അഞ്ചു കൊല്ലത്തിൽ ഒരു സമ്മേളനം വിളിച്ചു കൂട്ടി ആനുകാലിക സാമൂഹിക ഘടകങ്ങളെ പഠിക്കുന്നു. അത് ചിലപ്പോൾ യൂത്ത്നെക്കുറിച്ച് ആകാം, കുടുംബത്തെക്കുറിച്ച് ആകാം. സഭ അഭിമുഖീകരിക്കുന്ന, മനുഷ്യരാശി അഭിമുഖീകരിക്കുന്ന അല്ലെങ്കിൽ പ്രവാസിസമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്താണെന്ന് കൂലങ്കഷമായി പഠിച്ചു ചർച്ചചെയ്തു തീരുമാനമെടുക്കുകയും സാധ്യമാവുന്നവ നടപ്പിലാക്കുകയും ചെയ്യുന്ന സംവിധാനമാണ് ഈ എപാർക്കിയൽ അസംബ്ലി.

**ചോദ്യം:** ക്രൈസ്തവ വിശ്വാസം ലോകത്തിൽ കുറഞ്ഞു കൊണ്ടിരിക്കുന്നു. വിശ്വാസം തന്നെ വേണ്ട എന്നൊരു അവസ്ഥയുണ്ട്. അതിനെപ്പറ്റി ?

വിശ്വാസത്തിൻറെ തലങ്ങളിൽ ഒരുപാട് വെല്ലുവിളികൾ നമ്മൾ നേരിടുന്നുണ്ട്. എല്ലാ കാലഘട്ടത്തിലും എല്ലാ നൂറ്റാണ്ടിലും വിശ്വാസത്തിൽ പ്രതിസന്ധി ഉണ്ടായിരുന്നു. സഭ വളരെയധികം അധഃപതിച്ച ഒരു കാലഘട്ടത്തിലാണ് ഫ്രാൻസിസ് അസീസി വരുന്നത്. ദൈവം ഫ്രാൻസിസ് അസീസി എന്ന മനുഷ്യനെ അയച്ചുകൊണ്ട് വലിയ നവോത്ഥാനം ഉണ്ടാക്കി. എപ്പോഴൊക്കെ നമുക്ക് പോരായ്മകൾ വരുന്നുണ്ടോ അപ്പോഴൊക്കെ ദൈവസഹായത്താൽ അതിനെ മറികടക്കുവാൻ നമുക്ക് സാധിക്കും .

ഇപ്പോൾ തന്നെ നമ്മളെന്തു മാത്രം മാറി? ഇപ്പോൾ ബൈബിൾ നന്നായിട്ട് കൈകാര്യം ചെയ്യാൻ ആളുകൾക്ക് അറിയാം. അമേരിക്കയിൽ ഞാൻ ശ്രദ്ധിച്ച ഒരു കാര്യം ഇന്ത്യൻ കുട്ടികൾക്ക് മാറ്റ് അമേരിക്കൻ കുട്ടികളേക്കാൾ സ്പിരിചൽ ഐ ക്യൂ കൂടുതലാണ്. ഇവിടുത്തെ കുട്ടികൾക്ക് ഒന്നും എത്തിപ്പിടിക്കാൻ പറ്റാത്ത വിധത്തിലാണ് അവർ. ആ തലങ്ങളിൽ ഒക്കെ നമ്മൾ വളരെയധികം വളർന്നിട്ടുണ്ട് .

**ചോദ്യം:** അങ്ങാടിയത്ത് പിതാവിനെപ്പറ്റി പിതാവിന്റെ കാഴ്ചപ്പാട് എന്താണ് ?

രൂപതയുടെ ആരംഭകാലം വളരെ പ്രശ്നസങ്കീർണമായിരുന്നു. എല്ലാ പ്രസ്ഥാനത്തിനും അതിന്റെ ശൈശവ സ്ഥിതിയിൽ വളരെ പ്രതിസന്ധികളിലൂടെ പോകേണ്ട അവസ്ഥ വരുമല്ലോ. അതുപോലെ സഭാ വിഷയങ്ങളിലും. ആരംഭത്തിൽ പലകാര്യങ്ങളിലും ഒരു ക്ലാരിറ്റി വന്നിട്ടില്ലായിരുന്നു. അതുകൊണ്ടുതന്നെ പല വെല്ലുവിളികളും വന്നു.

ചിലരുടെ നിസ്സഹകരണം, പവർ പൊളിറ്റിക്സ്. അതിനെയൊക്കെ വളരെ ശാന്തമായി കൈകാര്യം ചെയ്യാനായി എന്നതാണ് അങ്ങാടിയത്ത് പിതാവിൻറെ ഒരു വലിയ നന്മ .അദ്ദേഹം അതിനെ ക്ഷമയോടെ നോക്കിക്കണ്ടു പരിഹരിച്ചു. പെട്ടെന്ന് എടുത്തുചാടുന്ന ഒരാൾ ആയിരുന്നെങ്കിൽ അതൊക്കെ പാളി പോയേനെ . അങ്ങനെ പാളിച്ചകൾ ഒന്നും വരാതെ എല്ലാം ശരിയായ ദിശയിൽ നാവിഗേറ്റ് ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. പിന്നെ അദ്ദേഹം പ്രാർത്ഥനയുടെ മനുഷ്യനാണ്.




# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**

**E-mail: mukkutmonuments@gmail.com**

**www.mukkutmonuments.com**









**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Serve in USA, Canada and India**

# മാർ ജേക്കബ് അങ്ങാടിയത്ത്

## 21 വർഷത്തെ സഫലമായ നിയോഗം

ചിക്കാഗോ സെന്റ് തോമസ് രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിനെ പോലെ ആയിരുന്നു മറ്റു മെത്രാന്മാർ എങ്കിൽ കേരളത്തിൽ കത്തോലിക്ക സഭയിൽ ഒരു തർക്കമോ ഭിന്നതയെ ഉണ്ടാവുമായിരുന്നില്ല. അതിപ്രഗത്ഭരും മഹാപണ്ഡിതരുമൊക്കെ ബിഷപ്പുമാരുടെ കസേരയിൽ ഇരിക്കുമ്പോൾ തോന്നുന്നത് അവരൊന്നുമല്ല ബിഷപ്പാകേണ്ടതെന്നാണ്. ഭക്തിയും വിശ്വാസവും കാരുണ്യവുമുള്ള സാധുക്കളായ ആചാര്യന്മാരാണ് ഈ കാലഘട്ടത്തിനു ആവശ്യം-ഉദാഹരണം മാർ അങ്ങാടിയത്ത് തന്നെ.

ഇരുപത്തൊന്നു വർഷത്തെ നിയോഗം പൂർത്തയാക്കി രൂപതാധ്യക്ഷൻ എന്ന പദവിയിൽ നിന്ന് വിരമിക്കുമ്പോൾ മാർ അങ്ങാടിയത്തിനു തികഞ്ഞ സംതൃപ്തി. ധാരാളമായി ലഭിച്ച ദൈവ കാരുണ്യത്തിനു നന്ദി. രണ്ട് പള്ളികളുമായി തുടങ്ങിയ രൂപത പടർന്ന് പന്തലിച്ചു നിരവധി പള്ളികളും മിഷനുകളും വിശ്വാസികളുമായി അമേരിക്കയാകെ വ്യാപിച്ചു കിടക്കുന്നു.

കടന്നു വന്ന ഇല്ലായ്മകളുടെ കാലവും സഭ നേരിടുന്ന പ്രതിസന്ധിയും ഭാവിയിലേക്കുള്ള പ്രതീക്ഷകളുമൊക്കെ അദ്ദേഹം സുദീർഘമായ അഭിമുഖത്തിൽ എടുത്തുകാട്ടി.

**അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ**

**ചോദ്യം:** പിതാവിനു 75 വയസ്സ് ആയെങ്കിലും അതിന്റെ ഒരു ആലസ്യവും കാണുന്നില്ല. പിന്നെ തിരക്കിട്ടു റിട്ടയർ ചെയ്യേണ്ട ആവശ്യമുണ്ടോ?

ബിഷപ്പുമാർ 75 വയസ്സാകുമ്പോൾ റിട്ടയർ ചെയ്യാൻ അപേക്ഷ കൊടുക്കണം. എനിക്കിപ്പോൾ 77 വയസായി. രണ്ടുകൊല്ലം എടുത്തു ജോയി പിതാവിനെ പുതിയ ബിഷപ്പായി നിയമിച്ചുകൊണ്ടുള്ള കൽപ്പന കിട്ടാനായി. കോവിഡ് ആയിരുന്നിരിക്കണം കാരണം. ഇക്കാര്യത്തിൽ നമ്മുടെ ഇഷ്ടമോ ചോയിസോ ഇല്ല. വിരമിക്കുന്നതിൽ സന്തോഷമേയുള്ളു. രണ്ടുകൊല്ലം കൂടുതലായി കിട്ടുകയും ചെയ്തു.



**ചോദ്യം:** ഈ തീരുമാനം വരുന്നത് വത്തിക്കാനിൽ നിന്നാണോ അതോ സിനഡിൽ നിന്നാണോ ?

ഫൈനൽ ഡിസിഷൻ വരുന്നത് റോമിൽ നിന്നാണ്. നമ്മുടെ രൂപത റോമിന് നേരിട്ട് കീഴിലാണ്. ഇന്ത്യക്കു പുറത്തുള്ള രൂപതകളൊക്കെ റോമിന് കീഴിലാണ്. ബ്രിട്ടനിലും കാനഡയിലും ഓസ്‌ട്രേലിയയിലുമൊക്കെയുള്ള രൂപതാകളും ഇങ്ങനെ തന്നെ.

**ചോദ്യം:** സ്ഥാനം ഒഴിഞ്ഞു കഴിഞ്ഞാൽ അടുത്തതായി എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

സ്ഥാനമൊഴിഞ്ഞു കഴിഞ്ഞാലും ഞാൻ മെത്രാനായി തുടരും. ആരെങ്കിലും വിളിച്ച് ഔദ്യോഗികമായി ശുശ്രൂഷ ചെയ്യാൻ ആവശ്യപ്പെട്ടാൽ ചെയ്തു



കൊടുക്കും. അതിനൊന്നും തടസമില്ല. ഇപ്പോൾ ഉദ്ദേശി ക്കുന്നത് ചിക്കാഗോയിൽ തന്നെ തുടരാനാണ് .

**ചോദ്യം:** ഇവിടെ എന്നുപറഞ്ഞാൽ എവിടെയായിരി ക്കും എന്ന് തീരുമാനിച്ചോ?

ചിക്കാഗോയിൽ തന്നെ ബിഷപ്പ് ഹൌസിനോടനു ബന്ധിച്ച് അച്ചന്മാർക്കും സെമിനാരിക്കാർക്കും താ മസിക്കാൻ പറ്റിയ ഒരു വീട് പണിതിട്ടുണ്ട്. എനിക്കു അവിടെ ഒരു മുറി ഉണ്ട് . അവിടെ താമസിക്കാനുള്ള സൗകര്യങ്ങളുണ്ട്

**ചോദ്യം:** ചിക്കാഗോ രൂപത വരുമ്പോൾ എല്ലാവർക്കും വലിയ എതിർപ്പുണ്ടായിരുന്നു പക്ഷേ ഇപ്പോൾ എല്ലാ വർക്കും സന്തോഷം ആണ്. ആ മാറ്റം എങ്ങനെയാണ് വന്നത്. അതിൽ പിതാവിൻറെ പങ്കെന്താണ് ?

രൂപതയുടെ സാധ്യത അന്വേഷണത്തിനായി കമ്മീഷൻ ആയി രാജ്കോട്ട് ബിഷപ്പ് ഗ്രിഗറി കരോട്ടെ മ്പ്രെൽ പിതാവ് 1996-ലാണ് നിയമിക്കപ്പെട്ടത്. അന്ന് പിതാവ് എല്ലായിടത്തും പോയി ആളുകളെ കണ്ടു .ഒരു പാട് സ്ഥലത്ത് നിന്ന് എതിർപ്പുകൾ ഉണ്ടായിരുന്നു. എങ്കി ലും രൂപതയാകാൻ വേണ്ടത്ര ആളുകൾ ഉണ്ട് എന്നുള്ള റിപ്പോർട്ട് റോമിനു പോയി. അതുകൂടാതെ മേജർ ആർച്ച് ബിഷപ്പ് ആയിരുന്ന വർക്കി വിതയത്തിൽ പിതാവും റോ മിന് റിപ്പോർട്ട് നൽകി.

അതിൻറെ വെളിച്ചത്തിലാണ് 2001 ൽ രൂപത സ്ഥാ പിതമായത് . രൂപത വരുമ്പോൾ ആശങ്കകൾ ഉണ്ടായിരു ന്നിരിക്കാം. പക്ഷെ രൂപത വന്നശേഷം എനിക്ക് എതിർ പ്പൊന്നും നേരിടേണ്ടി വന്നിട്ടില്ല . അമേരിക്ക മുഴുവൻ ആണ് രൂപതയുടെ പരിധി. ഞാൻ സാവകാശം എല്ലായി ടത്തും ഉത്തരവനുസരിച്ച് പോവുകയും ആളുകളുമായി ബന്ധപ്പെടുകയും ചെയ്തു. എതിർപ്പുകൾ കാര്യമായി ഒന്നും ഉണ്ടായില്ല.

കുർബാന ക്രമം സംബന്ധിച്ച ചില അഭിപ്രായവ്യത്യാ സങ്ങൾ ഇവിടെയും വന്നു. അതിനെപ്പറ്റി അറിയിച്ചെങ്കി ലും സിനഡിൽ നിന്ന് ഒരു പ്രതികരണവും വന്നില്ല. 1998 -ൽ അന്നത്തെ സിനഡ് (അന്ന് ഞാൻ മെത്രാൻ ആയി ട്ടില്ല) തീരുമാനിച്ച കാര്യങ്ങൾ തുടക്കം മുതൽ അനുസരി ച്ചു. കുർബാനയുടെ ആദ്യത്തെ ഭാഗം ജനങ്ങളെ അഭി മുഖീകരിച്ചും രണ്ടാമത്തെ ഭാഗം അൾത്താരക്ക് നേരെ തിരിഞ്ഞും ഉള്ള ക്രമം 2000 മുതൽ ഇവിടെ നടപ്പിലാക്കി. എല്ലാ രൂപതയിലും നടപ്പിലാക്കണമെന്ന് നിർദ്ദേശം വന്നുവെങ്കിലും എല്ലാവരും അത് ഒന്നിച്ചു നടപ്പിലാക്കിയില്ല .

ഇവിടെ ഞാൻ അത് ഔദ്യോഗികമായി അന്ന് തന്നെ ഞാൻ നടപ്പിലാക്കി. ബിഷപ്പ് ആയി കഴിഞ്ഞപ്പോഴും വർ ക്കി പിതാവ് എന്നോട് ആവശ്യപ്പെട്ടതും അതാണ്. അത നുസരിച്ചു തന്നെയാണ് ഇവിടെ കുർബാന ചൊല്ലുന്നത്. അന്ന് മുതലേ ആ രീതിയാണ് പിന്തുടരുന്നത് .

അന്ന് നമ്മുടെ പള്ളികൾ കാര്യമായി ഇല്ല. ഡാല സിൽ ഞാൻ തുടങ്ങിയ പള്ളിയും ചിക്കാഗോ യിലെ പള്ളിയും മാത്രമേയുള്ളു. കൂടുതൽ പള്ളികൾ സ്ഥാപിതമായപ്പോൾ അച്ചന്മാരോട് അതനുസരിച്ചു പറയുകയും ചെയ്തിരുന്നു . കുറച്ചൊക്കെ അച്ചന്മാർ ക്ക് എതിർപ്പുകൾ ഉണ്ടായിരുന്നു. പക്ഷെ കാര്യമായിട്ട് ഒന്നും ഉണ്ടായിരുന്നില്ല.

മെത്രാനായിട്ട് 21 വർഷമായി. മറ്റു കാര്യമായ ബുദ്ധി മുട്ടുകൾ ഒന്നും എനിക്ക് വന്നിട്ടില്ല. കൂടുതൽ നിർബന്ധ ങ്ങൾ ഒന്നും ഞാൻ വച്ചില്ല. ഇങ്ങനെ ചെയ്തേ പറ്റു എന്ന് ഒന്നിലും കടുംപിടുത്തം പിടിച്ചതുമില്ല. നമ്മുടേതായ ഒരു പാരമ്പര്യം ഉണ്ട്. കേരളത്തിൽ ആരാധന ക്രമം ഒരു പോലെ വരാത്തതിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ട്. അമേ രിക്കയിൽ എല്ലായിടത്ത് നിന്നുമുള്ള ആൾക്കാരുണ്ട്. അതിനാൽ ഇക്കാര്യങ്ങളിൽ ബലം പിടിക്കാൻ പോയില്ല. അച്ചന്മാരും ആ രീതിയിൽ മനസിലാക്കി സഹ കരിച്ചിരുന്നു .

**ചോദ്യം:** 21 വർഷത്തെ സേവനം കഴിഞ്ഞു തിരിഞ്ഞു നോക്കുമ്പോൾ പിതാവിന് എന്ത് തോന്നുന്നു ? ചെ യ്യാൻ കഴിയാവുന്ന എല്ലാ കാര്യവും ചെയ്തുവെന്ന് കരുതുന്നുണ്ടോ ?

തീർച്ചയായിട്ടും. ഞാൻ പ്രതീക്ഷിച്ചതിലും ഒത്തിരി അധികം. രൂപത എങ്ങനെയാണ് തുടങ്ങുന്നത് എന്ന് അറിയില്ല, എങ്ങനെ പോകണമെന്ന് അറിയില്ല. കാ രണം അച്ചന്മാർ അധികമില്ല. സാമ്പത്തികമില്ല. ' ഇല്ല' എന്ന വാക്ക് മാത്രമായിരുന്നു ഉണ്ടായിരുന്നത്. വിശ്വാ സികൾ മാത്രം അവിടെയും ഇവിടെയുമൊക്കെ ഉണ്ടാ യിരുന്നു. കർത്താവിനോട് പ്രാർത്ഥിച്ചു. ആ രീതിയിൽ അച്ചന്മാരോട് പറയുകയും ചെയ്തു. അച്ചന്മാർ ഉത്സാഹി ച്ചു. അങ്ങനെയാണ് ഇത്രയൊക്കെ ചെയ്യാൻ പറ്റിയത്. അല്ലാതെ എന്റെ മിടുക്കോ കഴിവോ കൊണ്ടല്ല. ഞാൻ അവകാശപ്പെടുന്നുമില്ല . ദൈവാനുഗ്രഹം ഉണ്ടായി. എല്ലാവരും പ്രാർത്ഥിച്ചു. അച്ചന്മാർ ആണെങ്കിലും സിസ്റ്റേ ഴ്സ് ആണെങ്കിലും എല്ലാവരും സഹകരിച്ചു

പിന്നെ സാമ്പത്തികം പെട്ടന്ന് നമുക്ക് ഉണ്ടാക്കാൻ പറ്റില്ലല്ലോ. അതിനാൽ മിഷൻ ആയിട്ട് തുടങ്ങി. പിന്നെ പള്ളിയായി ഉയർത്തികൊണ്ട് വരികയാണ് ചെയ്തത് . നിർബന്ധിത പിരിവിനൊന്നും പോകാതെ ജനങ്ങളുടെ സൻമനസിനെ ആശ്രയിച്ചു. ആവശ്യങ്ങൾ അറിയിച്ചു. ആളുകൾക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ മാത്രമേ പ്രവർത്തിച്ചിട്ടുള്ളു.

തുടക്കത്തിൽ രണ്ടു പള്ളികളെ ഉള്ളു. ഒന്ന് ഡാല സിൽ. അവിടെ പള്ളി തുടങ്ങാൻ കാരണമുണ്ട്. 1989 ൽ ക്രിസ്മസ് വന്നപ്പോൾ അവിടെ ഒരു ഇംഗ്ലീഷ് പള്ളിയുടെ ബേസ്മെന്റിൽ ആണ് കുർബാന ചൊല്ലുന്നത്.

ഡാളസിൽ നല്ല തണുപ്പായിരുന്നു. ബേസ്മെന്റിൽ വെള്ളം. അങ്ങോട്ട് കയറാൻ നിവൃത്തിയില്ല. പാസ്റ്ററോ ട് ചോദിച്ചു. പക്ഷെ അദ്ദേഹം പള്ളിക്കുള്ളിൽ കയറ്റില്ല. അവരുടെ കുർബാനക്കുള്ള ഒരുക്കം ആണ് അവിടെ. പകരം സ്കൂളിന്റെ ചെറിയ കഫ്റ്റീരിയ ഉപയോഗി



ച്ചോളാൻ പറഞ്ഞു. വേറെ മാർഗമൊന്നുമില്ല. അതുകൊണ്ട് എല്ലാരും കൂടി അവിടെ എത്തി. അതൊരു ചെറിയ കഫ്റ്റീരിയ ആണ്. ബെഞ്ചും ഡെസ്കും ഒന്നും അങ്ങോട്ടും ഇങ്ങോട്ടും മാറ്റാൻ പറ്റില്ല. എല്ലാ ഫിക്സഡ് ആണ്. ആളുകൾ പലർക്കും നിൽക്കേണ്ടി വന്നു.

ശരിക്കുള്ള ക്രിസ്മസ് ആണ് ഇതെന്ന് അന്നത്തെ പ്രസംഗത്തിൽ ഞാൻ പറഞ്ഞു. ഒരിടത്തും സ്ഥലം കിട്ടാതെ പുൽകൂട്ടിലാണ് യേശു പിറന്നത്. അത് പോലെ നമുക്കും ഒരു സ്ഥലവും കിട്ടിയില്ല. സ്വന്തം പള്ളി ഇല്ലാത്തത് കൊണ്ട് ഈയൊരു ബുദ്ധിമുട്ട് വന്നു . ഇനി എന്താണ് ചെയ്യേണ്ടത് എന്നത് നമുക്ക് യേശുവിനോട് തന്നെ പറഞ്ഞു പ്രാർത്ഥിക്കാം എന്ന് പറഞ്ഞു .

പിന്ന പൊതുയോഗം കൂടിയപ്പോൾ അവർ തന്നെ പറഞ്ഞു നമുക്ക് സ്വന്തം ഒരു സ്ഥലം വേണം . അങ്ങനെയാണ് സ്വന്തം പള്ളി എന്ന ആശയം അവർ തന്നെ കൊണ്ട് വന്നതാണ് . മൂന്നു വർഷം കഴിഞ്ഞപ്പോഴാണ് ഡാലസിലെ ആദ്യത്തെ പള്ളി വാങ്ങിച്ചത്.



അതിനു മുമ്പായി ഷിക്കാഗോയിൽ പള്ളി വന്നു. അന്നത്തെ കർദിനാൾ വഴി പള്ളി കിട്ടാൻ ഇടയായത് കുര്യാളശേരി അച്ഛന്റെ ശ്രമഫലമായാണ്. അത് 87 – 88 ലാണ്.

തൊണ്ണൂറുകളുടെ അവസാനം എനിക്ക് ഡാലസിൽ നിന്ന് ചിക്കാഗോയിലേക്കു സ്ഥലം മാറ്റം കിട്ടി. രൂപത വന്നപ്പോൾ എവിടെയൊക്കെയാണ് മലയാളം കുർബാന ഉണ്ടായിരുന്നതെന്ന് അന്വേഷിച്ചു കണ്ടു പിടിച്ചു. അച്ചന്മാരെ ഡയറക്ടർമാരായി നിയമിച്ചു. എതിർപ്പ് വരാത്ത രീതിയിൽ മാത്രമായിരുന്നു പ്രവർത്തനം. മാറി നിന്നവരും നിൽക്കുന്നവരും ചുരുക്കമായി എല്ലാ സ്ഥലത്തും ഉണ്ട് .

**ചോദ്യം:** പിതാവ് എങ്ങനെയാണ് അമേരിക്കയിൽ വരുന്നത്? അമേരിക്കയിൽ വരാൻ എന്താണ് കാരണം?

അമേരിക്കയിൽ വരുമെന്ന് കരുതിയതേയല്ല. ആഗ്രഹിച്ചതുമല്ല. ഡാലസിൽ എൺപതുകളിൽ പത്ത് മുപ്പത് മലയാളി കത്തോലിക്കാ കുടുംബങ്ങൾ ഉണ്ട് . ഒരു അച്ചനെ നാട്ടിൽ നിന്ന് വരുത്തിയാൽ കൊള്ളാം എന്നൊരു ആശയം അവരുടെ മനസ്സിൽ വന്നു . അവർ അന്ന് ഡാളസിലെ ബിഷപ്പിന് അപേക്ഷ അയച്ചു . ലാറ്റിൻ ബിഷപ്പ് അല്ലെ. അദ്ദേഹത്തിന് ഒരു പരിചയവുമില്ല. അദ്ദേഹം പറഞ്ഞു എനിക്ക് നിങ്ങളുടെ സഭയെപറ്റി ഒന്നും അറിയില്ല, മെത്രാന്മാരെ ആരെയും അറിയില്ല . എനിക്ക് കൂടുതൽ ഒന്നും ചെയ്യാൻ ആകില്ല. നിങ്ങളുടെ ബിഷപ്പുമാർക്ക് ആർക്കെങ്കിലും എഴുതു. ഏതെങ്കിലും അച്ചനെ ഇങ്ങോട്ട് വിടാമെന്ന് സമ്മതിക്കുകയാണെങ്കിൽ ബാക്കി താമസത്തിനും മറ്റുമുള്ള സൗകര്യങ്ങൾ ഞാൻ ഇവിടെ ചെയ്യാം എന്ന് പറഞ്ഞു .

അങ്ങനെ ഒരു ഉറപ്പ് കിട്ടിയപ്പോൾ അവർ നാട്ടിൽ എല്ലാ ബിഷപ്പുമാർക്കും കത്തയച്ചു. പാലായിലെ പിതാവാണ് മറുപടി അയച്ചത് . ഞാൻ അന്ന് പാലാ രൂപതയിൽ മൈനർ സെമിനാരിയിൽ പഠിപ്പിക്കുകയാണ് . ഒരു ദിവസം പിതാവ് എന്നെ വിളിച്ച ശേഷം അച്ചന് പോകാൻ പറ്റുമോ എന്ന് ചോദിച്ചു . അമേരിക്ക എന്നത് സ്വപ്നം പോലും കണ്ടിട്ടില്ല. ആകെ സോഷ്യൽ സ്റ്റഡീസിൽ നയാഗ്ര വെള്ളച്ചാട്ടത്തെ പറ്റി പഠിച്ചിട്ടുണ്ടെന്നു മാത്രം . വേറെ ഒന്നും കേട്ടിട്ടുമില്ല, അറിയുകയുമില്ല .

ഞാൻ പിതാവിനോട് പറഞ്ഞു, ഞാൻ പോകണമെന്നും പറയുന്നില്ല, പോകണ്ട എന്നും പറയുന്നില്ല. പിതാവ് പറഞ്ഞാൽ വേണമെങ്കിൽ പോകാം, അത്രേയുള്ളു . അങ്ങനെ പാസ്പോർട്ടിന് അപേക്ഷിച്ചു. പിന്നെ വിസ. ഡാളസിലെ ബിഷപ്പ് വഴി എല്ലാം ശരിയാക്കി. ഞാൻ അതിലൊന്നും ഇടപെടേണ്ടി വന്നിട്ടില്ല . അങ്ങനെ 1984 മാർച്ചിലാണ് ഞാൻ എത്തുന്നത് . ഡാളസിലെ പള്ളിയിൽ അസിസ്റ്റന്റ് ആയി നിയമിച്ചു താമസ സൗകര്യവും നൽകി. അങ്ങനെയാണ് തുടക്കം .

**ചോദ്യം:** പിതാവിന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ അമേരിക്കയിൽ വന്നത് ഒരു നിയോഗം ആയിരുന്നു എന്ന് ?

ഇപ്പോൾ പുറകോട്ട് നോക്കുമ്പോൾ അങ്ങനെ ഒരു അവസരം ഒരു ചരിത്ര സംഭവം തന്നെയായി. അത് വരെ ഇവിടെ സീറോ മലബാറിന്റെ പേരിൽ ഒരു മിഷൻ തുടങ്ങാൻ മാതൃസഭയിലും ആരും ചിന്തിച്ചിട്ടില്ല. അതിനുള്ള യാതൊരു നീക്കവും നടത്തിയിട്ടില്ല . ഡാലസിൽ ഉണ്ടായിരുന്നത് കേരളാ കാത്തലിക് അസോസിയേഷൻ ആയിരുന്നു . അതിൽ ലത്തീൻ, ക്നാനായ, മലങ്കര അങ്ങനെ എല്ലാവരും ഉണ്ട് . ഒരു കൊല്ലം അങ്ങനെ പോയി എല്ലാവരെയും പരിചയപ്പെട്ടു .

പക്ഷെ അങ്ങനെ പോകാൻ സഭാപരമായി സാധിക്കില്ല . ഒന്നുകിൽ സീറോ മലബാർ ആയിരിക്കണം അല്ലെങ്കിൽ മലങ്കര ആയിരിക്കണം, അല്ലെങ്കിൽ ലത്തീൻ ആയിരിക്കണം . അല്ലാതെ കേരളാ കാത്തലിക് അസോസോയിയേഷൻ എന്ന പേരിൽ പോകാൻ പറ്റില്ല . അത് പറഞ്ഞു ഉറപ്പിക്കേണ്ടി വന്നു. അതിന്റെ പേരിൽ ആദ്യകാലത്ത് കുറച്ചു എതിർപ്പ് ഉണ്ടാകുകയും ചെയ്തു . പിതാവും (മാർ വർക്കി വിതയത്തിൽ) പറഞ്ഞു സഭാപരമായി പോകുക തന്നെ വേണം, അസോസിയേഷൻ പോരാ എന്ന്. അങ്ങനെ അത് സീറോ മലബാർ കമ്യൂണിറ്റി എന്ന പേരിലേക്ക് ആക്കി . അവിടത്തെ അന്നത്തെ ബിഷപ്പിന്റെയും സഹായത്തോടെ



വളർത്തി എടുത്തതാണ് . ഞാൻ അന്നു പറഞ്ഞു സഭയുടെ ചട്ടക്കൂടിലേ ഇനി പോകാൻ പറ്റുകയുള്ളു. അതിൽ ലത്തീൻകാരും മലങ്കരക്കാരും ഉണ്ടായിരുന്നു . അവർ ഒക്കെ ഒന്നിച്ചു നിന്നു . പിന്നെ മലങ്കരക്കാർ വേറെ പോയി . പിന്നെ ക്നാനായക്കാരും വേറെ മിഷൻ രൂപീകരിച്ചു . ഏതാനും ലത്തീൻ കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. അവർ ഒന്നും ആവശ്യപ്പെട്ടതുമില്ല.

**ചോദ്യം:** ന്യുയോർക്കിൽ ഒക്കെ ആണല്ലോ കൂടുതൽ കത്തോലിക്കർ ഉള്ളത്. എന്നിട്ട് ഡാലസിൽ ആണല്ലോ മിഷൻ തുടങ്ങിയത്.

ഡാളസിലെ ആൾക്കാർ അങ്ങനൊരു താല്പര്യം എടുത്തത് കൊണ്ടാണ് അങ്ങനെ സംഭവിച്ചത് . ന്യുയോർക്കിൽ ആരും അങ്ങനെ താല്പര്യം എടുത്തില്ല. ന്യു യോർക്കിൽ ഇന്ത്യാ കാത്തലിക്ക് അസോസിയേഷൻ ഉണ്ടായിരുന്നു. എല്ലാവരും അതിൽ ഉണ്ടായിരുന്നു . അവർ തന്നെ എല്ലാ സ്ഥലത്തും കുർബാന ഏർപ്പാടാക്കി . ഒരു സഭയുടെയും പ്രത്യേക പേര് പറഞ്ഞു കൊണ്ടല്ല . അസോസിയേഷൻ ആയത് കൊണ്ട് ക്രമേണ മത്സരവും കേസും ഒക്കെയായി. ഇപ്പോഴും സംഘടന പേരിനുണ്ട്. പക്ഷെ ഇപ്പൊൾ അതിന്റെ പ്രസക്തി മാറി. ഇപ്പോൾ എല്ലാവർക്കും പള്ളികൾ ആയി . മലങ്കരക്കാർക്കും ക്നാനായക്കാർക്കും പള്ളിയുണ്ട്. ലത്തീന്കാർ പള്ളിയൊന്നും തുടങ്ങിയിട്ടില്ല. എങ്കിലും കമ്യൂണിറ്റി ഉണ്ട്. ഇപ്പോൾ പേരിനു മാത്രം അസോസിയേഷൻ ഉണ്ട് എന്ന് എനിക്കറിയാം. വലിയ പരിപാടികൾ ഒന്നുമില്ല .

**ചോദ്യം:** ഇപ്പോൾ പിതാവ് റിട്ടയർ ചെയ്യുന്നു , ജോയ് പിതാവ് സ്ഥാനം ഏൽക്കുന്നു താമസിയാതെ ഒരു സഹായ മെത്രാനെ നമുക്ക് പ്രതീക്ഷിക്കാമോ ?

പ്രതീക്ഷിക്കാവുന്നതാണ്. അതിന് അതിന്റേതായ ഒരു സമയം എടുക്കും . പെട്ടെന്ന് ഉണ്ടാകില്ല

**ചോദ്യം:** അതിൽ ക്നാനായ കമ്യൂണിറ്റിക്ക് ഒരു പ്രാതിനിധ്യം ഉണ്ടാകാനുള്ള സാധ്യത ഉണ്ടോ ?

സാധ്യതയുണ്ട്

**ചോദ്യം:** ക്നാനായ കമ്യൂണിറ്റി ഇങ്ങനെ മാറി നിൽക്കുന്നത് ഒരു പ്രശ്നമാണോ ?

അവർക്ക് അവരുടേതായ പാരമ്പര്യങ്ങൾ ഉണ്ട്. അത് അറിയാം. അത് സഭ അംഗീകരിച്ചതുമാണ് . പൊതുവെ എല്ലായിടത്തും അവരുടേതായ പ്രശ്നങ്ങൾ ഉണ്ട് . അത് എനിക്ക് പരിഹരിക്കാൻ പറ്റുന്നതല്ല . അവരോടും ഞാൻ പറഞ്ഞിട്ടുണ്ട് എന്റെ പരിധിയിൽ ഉള്ള കാര്യങ്ങളെ എനിക്ക് ചെയ്യാൻ പറ്റു. റോമിൽ നിന്ന് എടുക്കേണ്ട തീരുമാനങ്ങൾക്ക് എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല . ഇപ്പോഴും ചിലർ സഹകരിക്കുന്നില്ല. അത് എന്റെ കുഴപ്പം കൊണ്ടല്ല .

**ചോദ്യം:** പുതിയ തലമുറയെ പറ്റി എന്താണ് അഭിപ്രായം , അവർ നമ്മുടെ പള്ളിയും കുർബാനയും ഒക്കെ ആയി സഹകരിച്ചു പോകുമോ ? ഒരു നൂറു വർഷം കഴിയുമ്പോൾ രൂപതയുടെ സ്ഥിതി എന്തായിരിക്കും ?

സഭ എന്ന പറഞ്ഞാൽ കർത്താവിന്റെ സഭയാണ് . നമ്മുടെ ആരുടേയും അല്ല. ഇതെല്ലാം തമ്പുരാന്റെ പ്ലാനിൽ വരുന്ന കാര്യങ്ങളാണ്. നൂറു വർഷം കഴിയുമ്പോൾ, നമ്മൾ ആരും ഉണ്ടാവില്ല. അന്ന് എന്തായിരിക്കുമെന്ന് തമ്പുരാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ നാം വിഷമിക്കേണ്ടതില്ല.

പുതിയ തലമുറയുടെ കാര്യത്തിൽ നമുക്ക് ഉത്തരവാദിത്തമുണ്ട്. അവർക്ക് നമ്മുടെ പാരമ്പര്യങ്ങൾ ഒക്കെ മനസിലാക്കി കൊടുത്തു നമ്മുടെ കൂടെ നിർത്തണം. അത് അത്ര എളുപ്പം ഉള്ള കാര്യമല്ല . അതിന് ശരിക്കും പ്രാർത്ഥിച്ചു കൊണ്ട് പണിയെടുത്താലേ നടക്കു. ഇവിടെ ഓപ്പൺ കൾച്ചറാണ് . നാട്ടിലെ പോലെയല്ല . അതിനാൽ മാതാപിതാക്കളുടെ സഹകരണം വേണം. ഇപ്പോൾ ഉള്ളത് പോരാ . പലരും ഇംഗ്ലീഷ് പള്ളികളിലൊക്കെ പോകും. ക്രിസ്മസിനും മറ്റും നമ്മുടെ പള്ളികളിൽ വരും. ആ രീതി മാറണം. നമ്മുടെ പള്ളി, നമ്മുടെ കുർബാന എന്ന ഒരു ശീലം മാതാപിതാക്കൾ തന്നെ പാലിക്കണം. എന്നാലേ പുതിയ തലമുറയെ കൂടി നിർത്താൻ കഴിയൂ .

ഇവിടെ ജനിച്ചു വളർന്ന അച്ചന്മാർ ഉണ്ടല്ലോ. ഇപ്പോൾ അവരിൽ ഒരാളെ (ഫാ. കെവിൻ) യൂത്തിന്റെ കാര്യങ്ങൾക്കായി മാത്രം നിർത്തിയിയ്ക്കുകയാണ് . കൂടുതൽ യംഗ് അഡൽട്ട്സിനെ പള്ളിയിലേക്ക് കൊണ്ട് വരാൻ നോക്കണം .ശ്രമിക്കുന്നുണ്ട് . നമ്മുടെ പള്ളിയിൽ വരാത്ത, കല്യാണം കഴിച്ചതും അല്ലാത്തതുമായ യുവ ഫാമിലികളെ പള്ളികളിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഇപ്പോൾ അത്ര എളുപ്പമല്ല. ഇംഗ്ലീഷ് പള്ളികളിൽ ആര് ചെന്നാലും അവർക്ക് അംഗത്വം കിട്ടും. നാട്ടിൽ ഇടവകയിൽ നിന്നുള്ള കത്ത് ഇല്ലാതെ അംഗത്വം കിട്ടില്ല.

**ചോദ്യം:** നമ്മുടെ രൂപത അമേരിക്ക ഒട്ടാകെയാണ്. ജ്യോഗ്രഫിക്കൽ ആയിട്ട് അത് വലിയ ബുദ്ധിമുട്ട് അല്ലെ. ഓർത്തഡോക്സ്കാർക്ക് രണ്ടു രൂപതയുണ്ട് അത് പോലെ നമുക്കും രണ്ടു രൂപത ആക്കിക്കൂടെ ?

അതിനെപറ്റി ചിന്തിക്കാവുന്നതാണ് . ജോയി പിതാവ് ഒക്കെ കൂടുതൽ താൽപര്യം എടുത്താൽ അത് പറ്റും. മാറോനൈറ്റിന് രണ്ട് രൂപതയുണ്ട്. യുക്രയിൻകാർക്ക് നാല് രൂപതയുണ്ട്. നമുക്ക് 75000-ൽ കൂടുതൽ അംഗങ്ങൾ ഉണ്ട് ലിസ്റ്റിൽ. അപ്പോൾ രണ്ടാക്കുന്നതിൽ തടസ്സമില്ല . അത്രയും വളർന്നിട്ടുണ്ട്. ചിന്തിക്കാവുന്നതാണ് . ഞാൻ അതിലേക്ക് പോയില്ല, അത് കൊണ്ടാണ് ഞാൻ മുൻകൈ എടുക്കാഞ്ഞത് .

**ചോദ്യം:** സഭ നേരിടുന്ന വെല്ലുവിളികൾ ഉണ്ടല്ലോ, വിശ്വാസം തന്നെ വേണ്ട എന്നതിലേക്ക് ആളുകൾ വരുന്നു . അതേപ്പറ്റി പിതാവ് ചിന്തിച്ചിട്ടുണ്ടോ ? പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം അങ്ങ് ശോഷിച്ചു കൊണ്ടിരിക്കുന്നു ലോകമാകെ. അത് നമ്മളെ എങ്ങനെ ബാധിക്കുന്നു?

ലോകത്തിന്റേതായ പ്രശ്നങ്ങൾ നമുക്കും



ബാധിക്കും. അതിനാൽ കൂടുതൽ ബോധവൽക്കരണം നടത്തണം . കൂടുതൽ ആൾക്കാർ പള്ളിയിലേക്ക് വരാനും കുർബാനയിൽ പങ്കെടുക്കാനും ബൈബിൾ പഠിക്കാനും പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്നുണ്ട് . അമേരിക്കൻസിന്റെയും യൂറോപ്യൻസിന്റെയും ഇടയിൽ തന്നെ പള്ളികളിലെ പങ്കാളിത്തം കുറയുന്നുണ്ട് എന്നത് ശരിയാണ് .

നമ്മുടേത് കുറയാതിരിക്കണമെങ്കിൽ നമ്മൾ പുഷ് ചെയ്ത കൊണ്ട് വരണം .അമേരിക്കൻ അല്ലെങ്കിൽ യൂറോപ്യൻ രീതികൾ പ്രകാരം സഭ ഒരു ബിസിനസ് ടൈപ്പിലേക്ക് അല്ലെങ്കിൽ ഒരു ഓഫീസ് ടൈപ്പിലേക്ക് മാറിയിരിക്കുകയാണ്. അത് കൊണ്ടാണ് ഈ പാളിച്ചകൾ ഒക്കെ പറ്റുന്നത് . ഒരു അൻപത് വർഷം മുൻപത്തെ അമേരിക്കയിൽ അച്ചൻമാരോട് ചോദിച്ചാൽ പറയും അവരൊക്കെ ഈസ്റ്റർ സമയത്ത് എല്ലാ വീടുകളിലും ബ്ലസിംഗിന് പോകുമായിരുന്നു എന്ന് . അങ്ങനെ ഒരു പാരമ്പര്യം ഉണ്ടായിരുന്നു . ഇൻ അത് കേട്ടുകേൾവി മാത്രം.

നമ്മുടെ പള്ളികളിൽ നാട്ടിൽ ആയാലും ഇവിടെ ആയാലും എല്ലാവരുടെയും വീടുകളിൽ ഓരോ വർഷത്തിലും എന്തെങ്കിലും ഒക്കെ കാരണങ്ങൾ കൊണ്ട് ഒന്നോ രണ്ടോ പ്രാവശ്യം അച്ചന്മാർക്ക് പോവേണ്ടി വരും. അമേരിക്കൻ പള്ളികളിൽ വീടുകളിലേക്ക് അച്ചന്മാർ പോകുന്നില്ല. മരിച്ചു കഴിഞ്ഞാൽ പള്ളിയിലേക്ക് കൊണ്ട് വരുന്നു എന്നല്ലാതെ വീടുമായിട്ട് വൈദികർക്ക് ഒരു ബന്ധവും ഇല്ല . ഫാമിലിയുമായിട്ട് ബന്ധം വേണം .

നമ്മുടെ ഒരാളെ ഒരു മൂന്ന് ആഴ്ച പള്ളിയിൽ കണ്ടില്ലെങ്കിൽ അച്ചൻ എങ്ങനെയെങ്കിലും അറിയും. അച്ചൻ അവരെ വിളിച്ചു അല്ലെങ്കിൽ അവിടെ പോയി എന്താ പറ്റിയത് എന്ന് അന്വേഷിക്കും . ഇവിടെ തന്നെ ഒരാൾ മരിച്ചു കഴിഞ്ഞാൽ എത്ര തവണ അച്ചൻ വീട്ടിൽ പോകും എന്ന് അറിയുമോ . ഒരു ശനിയാഴ്ച മരിച്ചു അടുത്ത ശനിയാഴ്ച ആയിരിക്കും അടക്കം എന്ന് കൂട്ടിക്കോ. അതിന്റെ ഇടക്ക് ഒരു മൂന്നു പ്രാവശ്യം എങ്കിലും പ്രാർത്ഥനാ യോഗത്തിന് പോകും. പിന്നെ അവരുടെ കൂടെ സെമിത്തേരിയിൽ പോകും . മരിച്ചടക്ക് കഴിഞ്ഞാൽ വീട്ടിൽ പോയി പ്രാർത്ഥിച്ചിട്ട് പോരും . അങ്ങനെ ഫാമിലിയും ആയി ഒരു പാട് തവണ കാണേണ്ടി വരും. അത് അവർക്ക് ശരിക്കും ഒരു ആശ്വാസമാണ് . അവരെ കണ്ടു അവർക്ക് വേണ്ടി പ്രാർത്ഥിച്ചു . ഇത് നമ്മുടെ അച്ചൻ ആണെന്ന ഒരു ഫീൽ ആളുകൾക്കും വരും. ഇത് നമ്മുടെ സ്വന്തം ആളുകൾ എന്നൊരു ഫീൽ അച്ചന്മാർക്കും വരും .

അങ്ങനെ ഒരു ബന്ധം എന്നത് അമേരിക്കയിലും യൂറോപ്പിലും നഷ്ടപ്പെടുത്തി കളഞ്ഞു. അച്ചനും മെത്രാനും ഒക്കെ ചെയ്യണ്ട കാര്യങ്ങളാണ്. മറ്റാരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല . ഞാൻ ഇവിടെ അത് തന്നെയാണ് പറഞ്ഞു കൊടുക്കുന്നത്. കുടുംബങ്ങളിൽ പോകണം. പ്രാർത്ഥനകൾ നടത്തണം. രോഗികളെ ഒക്കെ കാണാൻ പോയാൽ ഞാൻ പ്രാർത്ഥിച്ചോളാം എന്ന പറഞ്ഞി



ട്ട് പോരരുത്. അവിടെ നിന്ന് പ്രാർത്ഥിച്ചു വേണം വരാൻ. മിക്കവാറും ഇപ്പോൾ അച്ചന്മാർ അങ്ങനെ ചെയ്യുന്നുമുണ്ട് .

**ചോദ്യം:** ഇപ്പോൾ ഇസ്‌ലാം മതം കേരളത്തിൽ ഒരു പാട് വളർന്നു ലോകം മുഴുവൻ വളരുന്നുണ്ട് . അവരുടെ ജനസംഖ്യ വല്ലാതെ വർദ്ധിക്കുന്നു. നമ്മളെ പോലെ ജനസംഖ്യാ നിയന്ത്രണം ഒന്നുമില്ല . അതേപ്പറ്റി പിതാവ് ചിന്തിച്ചിട്ടുണ്ടോ ? ഇസ്‌ലാം മതം എന്ത് കൊണ്ട് വളരുന്നു, നമ്മൾ എന്ത് കൊണ്ട് തളരുന്നു ?

ഇവിടെ ആണെലും ഇസ്‌ലാം മതം ആണ് കൂടുതൽ വളരുന്നത് എന്ന് റിപ്പോർട്ട് ഉണ്ട്. എന്താണവരെ ആകർഷിക്കുന്നത് എന്ന് ചോദിച്ചാൽ അറിഞ്ഞു കൂടാ. അവർക്ക് അവരുടേതായ വസ്ത്രത്തിൽ ഒക്കെ നിഷ്കർഷകൾ ഉണ്ട് . അതിൽ ചേരുന്നവരും അതൊക്കെ അനുസരിക്കുന്നുമുണ്ട് . ഇത്രയും സ്വാതന്ത്ര്യം ഒക്കെ ഉള്ള അമേരിക്കയിൽ പോലും അതിലേക്ക് ചേരുന്നവർ അത് അനുസരിച്ചു തന്നെയാണ് എല്ലാ കാര്യങ്ങളും ചെയ്യുന്നതും. എങ്ങനെയാണ് അവർക്ക് അത് സാധിക്കുന്നത് എന്ന് ചോദിച്ചാൽ അതിന് ഉത്തരമില്ല .

കൂടുതൽ ഒന്നും എനിക്ക് അതിനെ പറ്റി പറയാൻ ഇല്ല. രണ്ടു കാര്യങ്ങൾ വഴിയാണ് അവർ വളരുന്നത്. ഒന്ന് അഭയാർത്ഥികൾ വഴി. രണ്ട് കുടുംബങ്ങളിൽ കൂടുതൽ കുട്ടികൾ ഉണ്ടായി . കേരളത്തിൽ അഭയാർത്ഥികൾ ആരുമില്ല. പക്ഷെ കുടുംബങ്ങളിൽ കൂടുതൽ പിള്ളാരുണ്ട് . ഇപ്പോൾ കേരളത്തിൽ കോട്ടയം ജില്ലയും മലപ്പുറം ജില്ലയും വച്ച് നോക്കിയാൽ കോട്ടയം ജില്ലയിൽ നിയോജക മണ്ഡലം ഒക്കെ കുറഞ്ഞു പോകുന്നു . മലപ്പുറം ജില്ലയിൽ കൂടുന്നു . അടുത്ത രണ്ടു ഇലക്ഷൻ കഴിയുമ്പോഴേ



ക്ക് 140 ൽ 72 എം എൽ എ മാർ ആകും എന്ന് പറയുന്നു. ഇപ്പോൾ തന്നെ അവർക്ക് 35 എം എൽ എ മാർ ഉണ്ട് . അവർക്ക് വലത്തും ഇടത്തും ഒക്കെ എം.എൽ.എമാർ ഉണ്ട്. പക്ഷെ അവർക്ക് സമുദായം ആണ് വലുത്. ഇടത് പക്ഷം ആയാലും വലത് പക്ഷം ആയാലും ആ യൂണിറ്റി അവർക്ക് ഉണ്ട് . നമുക്ക് ഒരു പാർട്ടിയിലും ലീഡേഴ്‌സും ഇല്ല, ആരോടും പറയാനും ഇല്ല .കുർബാനയെ പറ്റിയുള്ള തർക്കം തന്നെ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണ് . ചെറിയ ചില ഒറ്റപ്പെട്ട സംഭവങ്ങൾക്ക് സഭയെ മൊത്തം മോശം ആക്കുന്ന രീതി ഉണ്ടാക്കുന്ന നെഗറ്റീവ് എഫക്ട് വളരെ വലുതാണ് . അതൊക്കെ നമ്മുടെ സഭയെ തളർത്തി കളയുന്ന കാര്യങ്ങൾ ആണ് .

കുർബാനയെ സംബന്ധിച്ചു തർക്കം ഉണ്ടാവാൻ പാടില്ലാത്തതാണ്. നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്ര ബിന്ദുവാണ്. അതിനെ ആക്ഷേപിക്കുന്നതിനു പോലും കാരണമാകുന്നു. അച്ചന്മാർ പോലും അതിനു മുതിരുന്നു. അതൊക്കെ കാണുന്ന യുവതലമുറ എന്തിനു അച്ചനാകണാം അല്ലെങ്കിൽ കന്യാസ്ത്രി ആകണം എന്ന് ചിന്തിച്ചെന്ന് വരും. ഇസ്‌ലാമിന്റെ കാര്യത്തിൽ നമ്മൾ അസൂയപ്പെട്ടിട്ട് ഒന്നും കാര്യമില്ല. നമ്മൾ അതിനേക്കാൾ നന്നാകാൻ നോക്കുക എന്നതിലാണ് കാര്യം . അവർ ചെയ്യുന്ന പോലെ നമ്മൾക്ക് ചെയ്യാനും പറ്റില്ല. നമ്മൾക്ക് ബൈബിളിന്റെ അടിസ്ഥാനത്തിൽ ക്ഷമിക്കാനും പൊറുക്കാനും ഒക്കെയെ പറ്റൂ. അവർക്ക് അങ്ങനെയല്ല വാളിന് വാൾ എന്ന നയമാണ്. അത് കൊണ്ട് അവരോട് നേരിട്ട് എതിർക്കാനും പറ്റില്ല . നമ്മുടെ മേൽ കുതിര കയറാൻ എളുപ്പമാണ്. കാരണം നമ്മൾ ക്ഷമിക്കുന്നവരാണ്. അത് നമ്മുടെ ബലഹീനതയല്ല. ദൈവം നമ്മെ കാക്കുക തന്നെ ചെയ്യും.

**ചോദ്യം:** ജോയ് പിതാവിനെ വർഷങ്ങളുടെ പരിചയം ഉണ്ടല്ലോ , എന്താണ് അഭിപ്രായം?

കാര്യങ്ങൾ ഒക്കെ നല്ല രീതിയിൽ ചെയ്യുന്ന ആളാണ്. എന്റെ കൂടെ ഇത്രയും കാലം ഇവിടെ ഉണ്ടായിരുന്നത് കൊണ്ട് പ്രത്യേകിച്ച് ഒന്നും പറഞ്ഞു കൊടുക്കേണ്ട ആവശ്യം ഇല്ല . ഇവിടത്തെ എല്ലാ കാര്യങ്ങളും അറിയുന്ന ആളാണ് . പേര് പോലെ തന്നെ ജോയ്‌ഫുൾ ആണ്. എല്ലാവരോടും നന്നായി ഇടപെടുന്ന ആളാണ് . അത് ഒക്കണ്ട് തന്നെ പിതാവായിട്ടു വരുന്നതിൽ ഏറെ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയുന്നുണ്ട് .

**ചോദ്യം:** പിതാവിന്റെ നാട്ടിലെ കുടുംബം?

ഞങ്ങൾ നാല് പേര് ആയിരുന്നു . എന്റെ നേരെ മൂത്ത ചേട്ടനും മൂത്ത പെങ്ങളും രണ്ടു പേരും മരിച്ചു പോയി . ഏറ്റവും മൂത്ത ചേട്ടനും ചേട്ടത്തിയും ഉണ്ട് . എന്റെ മൂത്ത ചേട്ടൻ എന്റെ പിതാവിന്റെ സ്ഥാനത്താണ്. എന്റെ പിതാവ് ഞാൻ ചെറുതായിരിക്കുമ്പോൾ മരിച്ചു. അപ്പോൾ ചേട്ടന് 16-17 വയസ്സേ ഉള്ളു . ആ ചേട്ടൻ ആണ് ഞങ്ങളെ വളർത്തിയത്. ഇപ്പോൾ 93 വയസ്സായി. വീട്ടിൽ തന്നെയാണ് . മൂത്ത ചേട്ടന്റെ ഒരു മകൻ ന്യൂയോർക്കിൽ ഉണ്ട്. വേറെ ബന്ധുക്കൾ ആരും ഇവിടെയില്ല . ബാക്കി എല്ലാരും നാട്ടിൽ തന്നെ . പാലാ രൂപതയിലെ പെരിയപ്പുറം ഇടവകയാണ് എന്റെ സ്ഥലം . എറണാകുളം ജില്ലയിലെ ഇലഞ്ഞി പഞ്ചായത്ത് .

**ചോദ്യം:** ഇവിടെ ആറ് അച്ചന്മാർ ഇവിടത്തെ യൂത്തിൽ നിന്ന് വന്നു. ഇവിടെ നിന്ന് ഉണ്ടാകുന്ന അച്ചന്മാരും നാട്ടിൽ നിന്ന് വരുന്ന അച്ചന്മാരും തമ്മിലുള്ള വ്യത്യാസം എന്താണ് ?

ഭാഷയുടെ കാര്യത്തിൽ വ്യത്യാസം ഉണ്ട് . ഇവിടെ നിന്ന് ഉണ്ടാകുന്ന അച്ചന്മാർ ഇംഗ്ലീഷിൽ സംസാരിക്കുമ്പോൾ ഇവിടത്തെ യുവതലമുറക്ക് തങ്ങളിലൊരാളെ പോലെ തോന്നും . അവർക്ക് പെട്ടെന്ന് അവരുടെ സ്വന്തം എന്ന ഒരു ഫീൽ ഉണ്ടാകും . പക്ഷെ ഇന്ത്യയിൽ നിന്ന് എത്ര കൊച്ചച്ചന്മാർ വന്നാലും എത്ര നന്നായി ഇംഗ്ലീഷ് പഠിച്ചിട്ട് വന്നാലും ഇവിടെ വരുമ്പോഴത്തെക്ക് അത് മംഗ്ലീഷ് ആയി മാറും . ആ രീതിയിൽ അതിന്റെ തായ ബുദ്ധിമുട്ടുകൾ ഉണ്ടാകും. ഒന്നാമത്തെ വ്യത്യാസം അതാണ് . ഇവിടത്തെ കൾച്ചറുമായിട്ട് ഇവിടത്തുകാർക്ക് പരിചയം ആണല്ലോ. നമ്മൾ ഒക്കെ അത് പഠിച്ചു മനസിലാക്കി വരുന്നതാണ് . ഇവിടത്തെ കൾച്ചറൽ വ്യത്യാസം ഉൾക്കൊള്ളാൻ പലപ്പോഴും സാധിക്കില്ല . ഞാൻ ഇവിടെ വന്നിട്ട് 38 കൊല്ലമായി. എന്നിട്ട് പോലും ഞാൻ ഇവിടത്തുകാരൻ ആണോന്ന് ചോദിച്ചാൽ സിറ്റിസൺഷിപ്പ് ഉണ്ട് എന്നാൽ കൾച്ചർ വച്ചു നോക്കിയാൽ പകുതി ഇവിടത്തുകാരനും പകുതി ഇന്ത്യക്കാരനും ആണ് . ഇവരെ സംബന്ധിച്ചിടത്തോളം അത് സ്വാഭാവികമാണ്. ഇവിടെ വളരുന്ന തലമുറക്ക് ഇവിടത്തെ അച്ചന്മാർ ആണ് കൂടുതൽ സ്വാധീന ശക്തിയാവുക. ഏഴുപേർ ഇപ്പോൾ സെമിനാരിയിൽ ഉണ്ട്. അവർ കൂടി വന്നു കഴിഞ്ഞാൽ പിന്നെ നേരത്തെ പറഞ്ഞ പോലെ യുവതലമുറയെ കൂടുതൽ അടുപ്പിക്കുന്നതിനു സഹായിക്കും

**ചോദ്യം:** വിശ്വാസപരമായി നാട്ടിൽ നിന്ന് വരുന്നവർക്കും ഇവിടെ ഉള്ള അച്ചന്മാർക്കും എന്താണ് വ്യത്യാസം? ഇവിടെയുള്ളവർ കുറച്ചുകൂടി വിശ്വാസ തീക്ഷ്ണത ഉള്ളവരാണോ ?

അവരൊക്കെ നമ്മുടെ കാര്യങ്ങൾ കൂടുതൽ പഠിച്ചിട്ടുണ്ട് .നമ്മുടെ സഭയുടെ കാര്യങ്ങൾ ആറുപേരോടും സ്വയം പഠിക്കാൻ പറയുകയായിരുന്നു. അക്കാര്യത്തിൽ ശരിക്കും ശ്രദ്ധിച്ചിട്ടുണ്ട്. ലത്തീൻ സെമിനാരികളിലാണ് അവർ പഠിച്ചത്.

**ചോദ്യം:** കന്യാസ്ത്രീകൾ ഉണ്ടാവുന്നില്ലല്ലോ ഇവിടുന്ന്?

ഉണ്ടാകുന്നുണ്ട്. അഞ്ചാറു പേര് ഇപ്പോൾ താല്പര്യം കാട്ടിയിട്ടുണ്ട്. പക്ഷെ നമുക്ക് വേണ്ട രീതിയിൽ ഫോർമേഷൻ കൊടുക്കുവാൻ പറ്റിയിട്ടില്ല . ഒന്നാമത്തെ കാര്യം ഫോമർമേഷൻ ഹൌസ് ഇവിടില്ല പിള്ളാർ താല്പര്യപ്പെട്ട വരുന്നുണ്ട് . ഫോർമേഷൻ ഇവിടെ കൊടുക്കുന്ന ഒരു സംവിധാനം വന്നാൽ വ്യത്യാസം വരും . അതിനു ശ്രമിക്കുന്നു.



# ജോസച്ചൻ മുന്നേ നടന്നു വഴി തെളിച്ചു.... സഭ വളർന്നു; ചാരിതാർഥ്യത്തോടെ പടിയിറക്കം

**ടാജ് മാത്യു**

**ന്യൂയോർക്ക്:** അമേരിക്കയിലെ സീറോ മലബാർ സഭാ ചരിത്രത്തിൽ ഫാ. ജോസ് കണ്ടത്തിക്കുടിക്കും ഒരു സ്ഥാനമുണ്ട്. അദ്ദേഹം വരച്ചിട്ടതൊരു നേർരേഖയാണ്. ഒന്നുമില്ലാതിരുന്ന സംവിധാനത്തിൽ നിന്നും ഇന്നത്തെ നിലയിലേക്ക് സീറോ മലബാർ സഭ വളർന്നതിന്റെ വിജയരേഖ. ജീവിതരേഖ എഴുപത്തഞ്ചാണ്ടും പൗരോഹിത്യ സമർപ്പണം അരനൂറ്റാണ്ടും പിന്നിടുമ്പോൾ കുടിയേറ്റ നാട്ടിലെ വിശ്വാസ സമൂഹത്തിന്റെ വളർച്ച ഫാ. ജോസ് കണ്ടത്തിക്കുടിയുടെ അജപാലന ദൗത്യത്തിലെ സുവർണരേഖയുമാവുന്നുണ്ട്.

ചരിത്രം രചിച്ചും ചമച്ചുമാണ് ജോസച്ചൻ കാനോനിക നിയമപ്രകാരം അജപാലന ദൗത്യത്തിൽ നിന്നും വിരമിച്ചത്. എഴുപത്തഞ്ച് വയസ് പിന്നിട്ടാൽ ഇടവക ഭരണവും മറ്റ് സഭാ ചുമതലകളും വിട്ടൊഴിയണമെന്നാണ് സഭാ നിയമം അനുശാസിക്കുന്നത്. 2020 മെയ് 30 നായിരുന്നു ഫാ. കണ്ടത്തിക്കുടിയുടെ 75ാം ജന്മദിനം. സഭയുടെ കണക്കനുസരിച്ച് വി ശ്രമജീവിതം. അതിന്റെ തുടച്ചയായാണ് ന്യൂയോർക്ക് ബ്രോങ്ക്സിലെ സെന്റ് തോമസ് ഫൊറോനാ ദേവാലയത്തിന്റെ വികാരി എന്ന പദവിയിൽ നിന്നും പതിനെട്ടു വർഷങ്ങൾക്കു ശേഷം വിരമിച്ച് വിർജീനിയയിലെ ക്രോസെറ്റിലുള്ള ഔവർ ലേഡി ഓഫ് ഏഞ്ചൽസ് സന്യാസിനി സമൂഹത്തിന്റെ ചാപ്ലെയ്നായി അദ്ദേഹം ന്യൂയോർക്ക് വിടുന്നത്.

ട്രാപ്പിസ്റ്റ് മൊണാസ്ട്രിയായ ഈ സന്യാസിനീ സമൂഹം നാട്ടിലെ മിണ്ടാമഠത്തിനു സമാനമാണ്. പ്രാർഥന യും ധ്യാനവുമായി ജീവിതം നയിക്കുന്ന കന്യാസ്ത്രീകളുടെ കൂട്ടായ്മ. മദറിനും മറ്റൊരു കന്യാസ്ത്രീക്കും മാത്രമേ പുറം സമൂഹവുമായി സംസാരിക്കാൻ അനുവാദമുള്ളൂ. അതും മഠത്തിലെ മറ്റു കാര്യങ്ങൾ നടത്തിയെടുക്കുന്നതിനു വേണ്ടി മാത്രം. അല്ലാത്തപ്പോൾ അവരും മൗനത്തിൽ. കൃത്യമായ ടൈംടേബിളാണ് ഒന്നും മിണ്ടാതെ ദിനചര്യങ്ങൾ പൂർത്തിയാക്കി പ്രാർഥനയും ധ്യാനവുമായി ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുന്നത്.



ക്രോസെറ്റിലെ ഒരു കുന്നിൻ മുകളിലാണ് മഠം. ഏക്കറുകൾ വ്യാപിച്ചു കിടക്കുന്ന ഭൂമി സ്വന്തമായുണ്ടിവർക്ക്. അടിവാരത്തുള്ള ചെറുവീട്ടിലാണ് ജോസച്ചന് താമസ സൗകര്യം ഒരുക്കിയിരിക്കുന്നത്. മഠത്തിൽ ദിവസവും കുർബാനയർപ്പിക്കുകയും പ്രാർഥനകളിൽ പങ്കെടുക്കുകയുമാണ് ചാപ്ലെയ്ന്റെ ചുമതല. ഉച്ചഭക്ഷണം മഠത്തിൽ നിന്നാണ്. രാവിലെയും വൈകുന്നേരവും വേണ്ടത് തന്നെയുണ്ടാക്കണം.

**മോഹിച്ചത് മാനന്തവാടിയിൽ വിശ്രമ ജീവിതം**

മാതൃരൂപതയായ മാനന്തവാടിയിലെ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കണമെന്നായിരുന്നു ആഗ്രഹമെങ്കിലും നിലവിലെ സാഹചര്യത്തിൽ അമേരിക്കയിൽ തുടരുകയായിരുന്നുവെന്ന് ജോസച്ചൻ പറഞ്ഞു. കൊറോണ സൃഷ്ടിച്ച സാമൂഹികാരോഗ്യ പ്രതിബന്ധങ്ങളും സ്വന്തം ആരോഗ്യ പ്രശ്നങ്ങളുമാണ് ഇത്തരത്തിലൊരു തീരുമാനത്തിലെത്തിച്ചത്.

മഠത്തിലെ ചാപ്ലെയ്ൻ കുറച്ചുകാലം മുമ്പ് നിര്യാതനായിരുന്നു. തുടർന്ന് പല വൈദികർ മാറിമാറി സേവനം ചെയ്യുകയായിരുന്നു.



തലശേരി രൂപതയിലെ മണിമൂളി ക്രൈസ്റ്റ് ദി കിംഗ് ചർച്ചിൽ അസിസ്റ്റന്റ് വികാരിയായി തുടങ്ങി വിവിധ ഇടവകകളിൽ വികാരിയായും മാനന്തവാടി രൂപതാ ചാൻസലറും ഒക്കെയായി നാട്ടിൽ കാൽനൂറ്റാണ്ട് പ്രവർത്തിച്ച ശേഷം അമേരിക്കയിലെത്തിയ അച്ചന് പലയിടങ്ങളിൽ നിന്നും യാത്രയയപ്പ് ലഭിച്ചിട്ടുണ്ടെങ്കിലും വിർജീനിയയിലേക്കുള്ള നിയോഗം വലിയൊരു യാത്രയയപ്പിന്റെ തുടക്കമായി കാണാൻ കഴിയുന്നുവെന്ന് ജോസച്ചൻ ചൂണ്ടിക്കാട്ടുന്നു.

**നിയോഗം പോലെ കുടിയേറ്റം**

നിയോഗങ്ങളിൽ കൂടിത്തന്നെയായിരുന്നു എന്റെ ജീവിത പ്രയാണവും. മൂവാറ്റുപുഴക്കടുത്ത് കല്ലൂർക്കാട് സ്വദേശിയായ കണ്ടത്തിക്കുടി ജോണിന്റെയും ത്രേസ്യാക്കുട്ടിയുടെയും മൂത്തമകനായ എന്റെ കുടുംബം പാലക്കാട് മണ്ണാർക്കാടിനടുത്തുള്ള കാഞ്ഞിരപ്പുഴയിൽ എത്തിയതും കേട്ടറിവില്ലാത്ത ഒരു കുടിയേറ്റത്തിന്റെ നിയോഗവുമായാണ്. അക്കാലത്ത് ജന്മ നാട്ടിൽ കാലുറപ്പിച്ചു നിൽക്കാൻ പെടാപ്പാടു പെടുവരായിരുന്നു മലബാർ കുടിയേറ്റക്കാർ. ഞങ്ങളാവട്ടെ ഏക്കറ് കണക്കിനുള്ള തോട്ടങ്ങൾ വിറ്റിട്ടാണ് വയലേലകൾ നിറഞ്ഞ പാലക്കാട്ടെത്തിയത്. പാരമ്പര്യമായി കൃഷിക്കാരായിരുന്നു കണ്ടത്തിക്കുടി കുടുംബം. കുരുമുളകും കവുങ്ങും തെരുവപ്പുല്ലും തെങ്ങുമൊക്കെയായി സുഭിക്ഷമായി കഴിഞ്ഞിരുന്ന കാലത്താണ് നാണ്യവിളൾക്കു പകരം ഭക്ഷ്യ വിളകൾ വിളയുന്ന നെൽപ്പാടം വേണമെന്ന് വല്യപ്പച്ചന് മോഹമുദിക്കുന്നത്. അദ്ദേഹമാണ് തന്റെ എട്ടു മക്കളെയും കൂട്ടി പാലക്കാട്ടേക്കു പോയത്.

പൊന്നു വിളയുന്ന വയലേലകളായിരുന്നു അന്നു പാലക്കാട്ട്. കാഞ്ഞിരപ്പുഴ ഡാമിനടുത്ത് വയലുകൾ സ്വന്തമാക്കാൻ വല്യപ്പച്ചൻ നൽകിയത് അക്കാലത്ത് ഏക്കറിന് ആയിരം രൂപ കണക്കിലാണ്. വയലില്ലാത്ത മറ്റു കുടിയേറ്റ മേഖലകളിൽ ഏക്കറിന് നൂറ് രൂപ മതിയായിരുന്നു.

തീഷ്ണമായ വിശ്വാസവും ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ച ജീവിതവും കുടുംബത്തിന്റെ കൈമുതലായിരുന്നു. വൈദികനാവാനുള്ള ആഗ്രഹം എന്നിൽ മൊട്ടിട്ടതും ഈ വിശ്വാസ പാരമ്പര്യത്തിൽ നിന്നു തന്നെ. ചാച്ചന്റെയും അമ്മയുടെയും കുടുംബത്തിൽ അഭിഷിക്തർ ഉണ്ടായിരുന്നു.

പല അന്ധവിശ്വാസങ്ങളും നിറഞ്ഞതായിരുന്നു അക്കാലത്ത് പാലക്കാടിന്റെ ആരാധനാ പാരമ്പര്യം. ഒപ്പം കമ്മ്യൂണിസം കൊടുകുത്തി വാഴുന്ന കാലവും. കറതീർന്ന കത്തോലിക്കന് ഉൾക്കൊള്ളാൻ കഴിയാത്ത വൈരുധ്യങ്ങളുടെ നാട്. എന്നിരിക്കിലും മതസൗഹാർദ്ദം പാലക്കാടിന്റെ മുഖമുദ്രയായിരുന്നു. സകല മതസ്ഥരും ഒത്തൊരുമയോടെ ജീവിച്ചിരുന്ന കാലം. ക്ഷേത്രങ്ങളിലെ ഉത്സവത്തിനും മുസ്‌ലിം പള്ളികളിലെ ആഘോഷങ്ങങ്ങൾക്കും ക്രൈസ്തവ ദേവാലയങ്ങളിലെ പെരുന്നാളുകൾക്കും എല്ലാവരും ഒത്തുകൂടിയിരുന്ന സുന്ദരനാളുകൾ. ഇന്നതൊക്കെ മാറി. എവിടെയും വർഗീയ ചിന്താഗ തികൾ..വിഭാഗീയതയുടെ താണ്ഡവങ്ങൾ...

**ദൈവമില്ല എന്നു പഠിപ്പിച്ച അധ്യാപകൻ**

വൈദികനാവണമെന്ന ആഗ്രഹം പരിചയത്തിലുള്ള ഫാ. എബ്രഹാം പടയാറ്റിലിനോട് സ്വകാര്യമായി പറഞ്ഞിരുന്നെങ്കിലും അതിന് വിലങ്ങുതടിയാവാൻ ഒരുപാട് സാഹചര്യങ്ങൾ സമൂഹത്തിലുണ്ടായിരുന്നു.

മണ്ണാർക്കാട് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നു പിന്നീട് മന്ത്രിയായ ടി. ശിവദാസ മേനോൻ. ജന്മനാ നിരീശ്വരവാദി എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. പിന്നെ തികഞ്ഞ കമ്മ്യൂണിസ്റ്റും. സയൻസ് അധ്യാപകനായിരുന്ന അദ്ദേഹം ക്ലാസിലെത്തുമ്പോൾ വിദ്യാർത്ഥികളുടെ മുഖത്തു പോലും നോക്കാതെ രണ്ടു വാചകങ്ങൾ ബോർഡിൽ കുറിക്കും..There is no God, Religion is opium (ദൈവം ഇല്ല, മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്)..എന്നിട്ടേ അദ്ദേഹം ക്ലാസ് തുടങ്ങൂ.

ഇത്തരം നിരീശ്വര വാദങ്ങളൊന്നും എന്റെ മനസിനെ ഉലയ്ക്കാൻ പോന്നതായിരുന്നില്ല. അത്രത്തോളം ശക്തമായിരുന്നു കുടുംബത്തിന്റെ വിശ്വാസ തീഷ്ണത. എൺപതു പേരുള്ള ക്ലാസിൽ അന്ന് നാലുപേരേ ക്രിസ്ത്യാനികളായുള്ളൂ. അതിൽ മൂന്നുപേർ മാത്രമാണ് കത്തോലിക്കർ. ഒരാൾ പ്രോട്ടസ്റ്റന്റ് വിശ്വാസിയും.

ദൈവത്തിന്റെ തീരുമാനം കൊണ്ടോ മനസിന്റെ ആഗ്രഹം കൊണ്ടോ ഹൈസ്കൂൾ പാസായ ശേഷം തലശേരി മൈനർ സെമിനാരിയിൽ വൈദിക പഠനത്തിന് തുടക്കമായി. പഠനത്തിലെ മികവു കൊണ്ടാവാം തുടർന്ന് ഉപരി പഠനത്തിനായി റോമിലെ അർബൻ യൂണി വേഴ്സിറ്റിയിലേക്കയച്ചു. തിയോളജിലും ഫിലോസഫിയിലും റോമിൽ നിന്ന് ബിരുദം നേടിയത് ഡിസ്റ്റിംഗ്ഷനോടെയാണ്. വൈദിക പട്ടം സ്വീകരിച്ചതും റോമിൽ തന്നെയാണ്. 1971 മാർച്ച് 27 ന് കർദ്ദിനാൾ ആൻജലോ റോസിയിൽ നിന്നും.

**ഒൻപത് ഇടവകകൾ സ്ഥാപിച്ചു**

തലലേശരിയിൽ നിന്നും പുതുതായി രൂപീകരിച്ച മാനന്തവാടി രൂപതയിലെത്തിയ ഞാൻ രൂപതയിൽ ഒമ്പത് ഇടവകകൾ കേരളത്തിലും തമിഴ്നാട്ടിലുമായി സ്ഥാപിച്ചു. എല്ലാം സ്വയം പര്യാപ്തവുമായി.

ഈ പ്രവർത്തനങ്ങൾ സിനഡിൽ ചർച്ചയായിട്ടുണ്ടാവാം. വിദേശത്ത് സഭാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു തീരുമാനിക്കാൻ കൂടിയ സിനഡ് കുടിയേറ്റക്കാരായ സീറോ മലബാർ സമൂഹം ഇന്ത്യയിലെ സഭാംഗങ്ങൾക്കായി പല കാര്യങ്ങളും ചെയ്തിട്ടുണ്ടെങ്കിലും അവരുടെ വിദേശത്തേക്കു കുടിയേറിയ രണ്ടാം തലമുറക്കായി എന്തു ചെയ്തു എന്ന അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ച് ബിഷപ്പ് എബ്രഹാം കാട്ടുമന പിതാവിന്റെ ചോദ്യത്തിൽ നിന്നാണ് ഇന്ന് വിദേശങ്ങളിൽ കാണുന്ന സീറോ മലബാർ സഭാ വളർച്ചയുടെ തുടക്കം.

**അമേരിക്കൻ ദൗത്യം**

കാട്ടുമന പിതാവിന്റെ സമ്മർദ്ദത്താൽ മാനന്തവാടി ബിഷപ്പ് മാർ ജോസഫ് തൂങ്കുഴിയാണ് അമേരിക്കൻ ദൗത്യത്തിന് അനുമതി നൽകുന്നത്. ന്യൂയോർ



ക്കിലേക്കായിരുന്നു നിയമനം. എന്നാൽ ആ നിയമന ഉത്തരവ് അറിയിച്ചു കൊണ്ടുള്ള കത്ത് മാനന്തവാടി രൂപതയിലെത്തിയില്ല. അന്ന് ട്രൈസ്റ്റേറ്റ് ന്യൂയോർക്കിൽ ശക്തമായിരുന്ന ഇന്ത്യ കാത്തലിക് അസോ സിയേഷൻ ന്യൂയോർക്ക് ആർച്ച് ബിഷപ്പ് ഒക്കോണറിൽ സമ്മർദ്ദം ചെലുത്തിയാണ് ഉത്തരവ് മരവിപ്പിച്ചതെന്ന് പിന്നീടറിഞ്ഞു. ഏകതാ സ്വഭാവമുള്ള ഇന്ത്യൻ കത്തോലിക്കർക്കിടയിൽ എന്തിനാണ് സീറോ മലബാർ എന്ന വേർതിരവ് എന്ന അസോസിയേഷൻ പ്രതിനിധികളുടെ ചോദ്യം പൗരസ്ത്യ സഭകളെക്കുറിച്ച് അത്രയേറെ അവഗാഹമില്ലാത്ത കർദ്ദിനാൾ ഒക്കോണർ അംഗീകരിക്കുകയായിരുന്നു.

ഒരുവർഷത്തിനു ശേഷമാണ് ചിക്കാഗോ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ഫ്രാൻസിസ് ജോർജ് എന്നെ അമേരിക്കയിലേക്കു ക്ഷണിക്കുന്നത്. കർദ്ദിനാളിന്റെ കത്തുമായി മദ്രാസിലെ അമേരിക്കൻ കോൺസുലേറ്റിലെത്തി വിസ ശരിയാക്കി കിട്ടാൻ ഒരാഴ്ചയേ വേണ്ടിവന്നുള്ളൂ. 1995 സെപ്റ്റംബർ ഏഴിനാണ് ചിക്കാഗോയിൽ എത്തുന്നത്.

ചിക്കാഗോയിലെ സീറോ മലബാർ സഭാംഗങ്ങളുടെ പുരോഗതിക്കായി അക്ഷീണം പ്രയത്നിച്ച നാളുകളായിരുന്നു പിന്നീട്. ചിക്കാഗോയിൽ ഇപ്പോഴത്തെ മാർത്തോമ്മാ ശ്ളീഹാ കത്തീഡ്രൽ ആസ്ഥാനമാക്കി തുടങ്ങിയ പ്രവർത്തനത്തിലൂടെ സീറോ മലബാർ കുർബാനയും സൺഡേ സ്കൂളും, വിൻസന്റ്ഡിപോൾ, മാതൃസംഘം തുടങ്ങിയ സേവന സംഘടനകൾക്കും രൂപം നൽകി. അമേരിക്കയിൽ സീറോ മലബാർ രൂപത വേണമെന്ന ആവശ്യം സജീവമാവുന്നതും അക്കാലത്താണ്. അപ്പസ്തോലിക് വിസിറ്ററായി അമേരിക്കയിൽ നിയോഗിക്കപ്പെട്ട മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ ചിക്കാഗോ ആസ്ഥാനമാക്കി സീറോ മലബാർ രൂപത സ്ഥാപിക്കാമെന്ന് റിപ്പോർട്ട് നൽകിയതും ചിക്കാഗോയിലെ സഭാ വളർച്ചയുടെ അടിസ്ഥാനത്തിലാണ്.

**ന്യു യോർക്കിൽ 1999-ൽ**

മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തലിന്റെ തീരുമാന പ്രകാരമാണ് ന്യൂയോർക്കിലേക്ക് 1999 ൽ എത്തുന്നത്. ചിക്കാഗോയിൽ ചെയ്യാനുള്ളതെല്ലാം ചെയ്തു ഇനി അച്ചന്റെ സേവനം ന്യൂയോർക്ക് മേഖലയിലാണ് വേണ്ടതെന്നാണ് മാർ വിതയത്തിലിന്റെ അഭിപ്രായം. ന്യൂജേഴ്സി ന്യൂമിൽഫോർഡും ന്യൂയോർക്കിലെ റോക്‌ലൻഡും കേന്ദ്രീക രിച്ചായിരുന്നു പ്രവർത്തനം. 2002 ലാണ് ബ്രോങ്ക്സിൽ ന്യൂയോർക്ക് അതിരൂപതയിൽ നിന്നും പള്ളി സ്വന്തമാക്കുന്നതും സെന്റ്തോമസ് സീറോ മലബാർ ചർച്ച് എന്ന പേരിൽ പള്ളി സ്ഥാപിക്കുന്നതും അവിടെ വികാരിയായി നിയമിക്കപ്പെടുന്നതും. സെന്റ് വാലന്റൈന്റെ പേരിലുള്ള പള്ളിയായിരുന്നു അത്. സെന്റ് തോമസ് എന്ന് പുനർ നാമകരണം ചെ യ്തുവെങ്കിലും റെക്ടറിയുടെ പേര് ഇന്നും സെന്റ് വാലന്റൈൻസ് എന്ന് നിലനിർത്തിയിരിക്കുന്നു.

ചിക്കാഗോയിലെയും ന്യൂയോർക്കിലെയും പ്രവർത്തനത്തിലൂടെ പതിനാല് ഇടവകകളാണ് പുതുതായി സ്ഥാപിക്കാനായത്. ചിക്കാഗോയിൽ മൂന്നും അറ്റ്ലാന്റയിൽ ഒന്നും ന്യൂ യോർക്ക് ന്യൂജേഴ്സി മേഖലകളിൽ എട്ടും ഇടവകകൾ. ഒപ്പം ബോസ്റ്റണിലും കണക്ടിക്കട്ടിലെ ഹാർട്ട്ഫോർഡിലും ഒരോ ഇടവകകളും. വിശ്വാസികളുമായി ആറുപ്രാവശ്യം വിശുദ്ധനാട് സന്ദർശനത്തിനും നേതൃത്വം വഹിച്ചു. ബൈബിൾ ക്ലാസുകളിലൂടെയാണ് ഓരോ സ്ഥലത്തെയും വിശ്വാസികളെ ഏകോപി പ്പിച്ചിരുന്നത്. ഉപരിപ്ലവമായ ആഘോഷങ്ങൾക്കപ്പുറം വിശ്വാസ തീഷ്ണത വർധിപ്പിക്കുന്ന വചനക്ലാസുകൾ സഭാംഗങ്ങളിൽ ചെലുത്തിയ സ്വാധീനം ആഴമേറിയതായിരുന്നു.

അമേരിക്കയിലെ പ്രവർത്തനത്തിൽ ഏറെ പ്രതിസന്ധികളൊന്നും എനിക്ക് നേരിടേണ്ടി വന്നിട്ടില്ലെന്ന് ജോസച്ചൻ ചൂണ്ടിക്കാണിക്കുന്നു. അൽപ്പസ്വൽപ്പം എതിർപ്പുകളൊഴിച്ചാൽ എല്ലായിടത്തു നിന്നും സഹകരണമായിരുന്നു. സഭാ വളർച്ചയുടെ ഗ്രാഫ് പരിശോധിച്ചാൽ ഇവിടുത്തെ വിശ്വാസികളുടെ സഹകരണത്തിനും ഉയർന്ന നിലയുണ്ടാവുമെന്ന് ഫാ. കണ്ടത്തിക്കുടി ചൂണ്ടിക്കാണിക്കുന്നു.

**അമേരിക്കയിൽ സഭക്കു നല്ല ഭാവി**

അമേരിക്കയിലെ സീറോ മലബാർ സഭയുടെ ഭാവിയിലും അദ്ദേഹത്തിന് ശുഭാപ്തി വിശ്വാസമാണുള്ളത്. ഇവിടെ ജനിച്ചു വളർന്ന യുവാക്കൾ വൈദികരാവാൻ താൽപ്പര്യം കാണിക്കുന്നത് ആശാവഹമാണ്. യുവജനങ്ങൾക്കിടയിലെ ആധ്യാത്മിക പ്രവർത്തനങ്ങൾ ഫലം ചെയ്യുന്നു എന്നതിന് തെളിവാണത്. വളർന്നു വരുന്ന കുട്ടികളെ സ്വാധീനിക്കാനും യുവാക്കളുടെ സഭാജീവിതം കാരണമാവും. സഭയുടെ ഭാവി സുരക്ഷിതമാവണമെങ്കിൽ അതനുസരിച്ചുള്ള നേതൃത്വവും വേണ്ടതുണ്ട്, കടുംപിടുത്തം ഒഴിവാക്കി മാറുന്ന സാഹചര്യങ്ങളോട് സമരസപ്പെടുന്ന ബിഷപ്പുമാർ ഉണ്ടാവണം. അത് നാട്ടിൽ നിന്നായാലും ഇവിടെ നിന്നുള്ളവരായാലും കുഴപ്പമില്ല. ഫ്ളക്സിബിലിറ്റി വേണമെന്നു മാത്രം.

**മൂന്നു രൂപത വേണം**

അതുപോല ചിക്കാഗോ മാത്രം കേന്ദ്രീകരിച്ചുള്ള സെൻട്രലൈസ്ഡ് രീതിയും നന്നല്ല. ഇന്നത്തെ സാഹചര്യത്തിൽ മൂന്ന് രൂപതകൾ ആവശ്യമായിട്ടുണ്ട്. ചിക്കാഗോ ആസ്ഥാനമാക്കി സെൻട്രൽ അമേരിക്കൻ രൂപതയും ഹൂസ്റ്റൺ, ഡാളസ്, കാലിഫോർണിയ ഉൾപ്പെടുത്തി സൗത്ത വേസ്റ്റേൺ രൂപതയും, ഫിലഡൽഫിയ, ന്യൂജേഴ്സി, ന്യൂയോർക്ക്, കണക്ടിക്കട്ട് തുടങ്ങിയ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചുള്ള നോർത്ത് ഈ സ്റ്റേൺ രൂപതയും.

ഇതൊക്കെ കാലം കഴിയുമ്പോൾ സംഭവിക്കുമായിരുക്കും. അന്ന് കാലത്തിന് മുമ്പേ നടന്നവരുടെ കണക്കു പുസ്തകം തുറക്കുമ്പോൾ ഫാ. ജോസ് കണ്ടത്തിക്കുടിയുടെ കൈയൊപ്പും പതിഞ്ഞിരിക്കാം....ഇല്ലായിരിക്കാം.. നിയോഗവഴികളിൽ കൈയൊപ്പുകൾക്കല്ലല്ലോ പ്രാധാന്യം, ദൈവത്തിന്റെ കൈവയ്പ്പിനല്ലേ....

2020 -ൽ പ്രസിദ്ധീകരിച്ചത്




Now everything on your fingertip!
ഇനി എല്ലാം വിരൽ തുമ്പിൽ
A FREE APP
where you can watch
TV CHANNELS
VIDEO ON DEMAND
MOVIES
WATCH LIVE EVENTS
BREAKING NEWS
- ONLINE NEWS PORTALS
PHOTOS OF EVENTS
BOOK TICKETS
TO EVENTS
Introducing for the first time
TELEVISION
CHANNELS
NEWS
PORTALS
VIDEO
ON DEMAND
PHOTOS
LIVE
MediaAppUSA
Visit Android Store or Google Store
Download on the
App Store
ANDROID APP ON
Google play
or Scan this QR Code and Download for
FREE!
More Info: 1-917-900-2123 or www.mediaappusa.com